# മരിയാസഖ്യചരിത്രം

*PUBLISHER:*
**R. KALLINGAL**

# മരിയാസഖ്യചരിത്രം

SACRED HEART PROVINCIAL LIBRARY.
No 7139
K 10
984

*TRANSLATED FROM*

"MARIAN CATHOLIC ACTION"

പരിഭാഷകൻ:

ജൂലികാനിലയം പോറ്റം പൊറത്തൂർ.

വില: 30 ന. പ.

# മരിയാസഖ്യചരിത്രം

## അദ്ധ്യായം 1.

## സഖ്യതയുടെ ആരംഭം

തിരുസഭാചരിത്രം സംബന്ധിച്ചേടത്തോളം പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം ഒരു വിധിനിർണ്ണായകഘട്ടമായിരുന്നു. ക്രിസ്തീയ യൂറോപ്പിനെ ഗ്രസിക്കുവാൻ കിഴക്കുനിന്നു് മുഹമ്മദീയ സൈന്യം ഇരമ്പിക്കയറിക്കൊണ്ടിരുന്നു. യൂറോപ്പിന്റെ വടക്കൻ പ്രദേശങ്ങളിൽ പ്രോട്ടസ്റ്റന്റ് വിപ്ലവം അതിന്റെ അത്യുച്ചിയിലെത്തിയ കാലസന്ധി. നോർവ്വെ, സ്വീഡൻ, ഇംഗ്ലണ്ടു്, നെതർലണ്ടു്, ജർമ്മനി, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽനിന്നു് ദിവ്യകാരുണ്യനാഥനും അവിടത്തെ പ്രിയമാതാവും നിഷ്കാസിതരായി എന്ന സ്ഥിതിയിൽ എത്തിക്കഴിഞ്ഞിരുന്നു.

ഇത്തരുണത്തിൽ ഇറ്റലിയുടെ തലസ്ഥാനമായ റോമിൽ ഈശോസഭക്കാരാൽ സ്ഥാപിതമായ റോമൻ കോളേജിൽ ബെൽജിയംകാരനായ ജോൺ ലേനിസ് എന്ന യുവവൈദികൻ അദ്ധ്യാപനം നടത്തിയിരുന്നു. 1563-ലെ മനോഹരമായ ഒരു സായാഹ്നവേളയിൽ തന്റെ ക്ലാസിലെ ഏറ്റവും ഉത്തമന്മാരായ ഏതാനും വിദ്യാർത്ഥികളെ പ. കന്യകയുടെ തിരുസ്വരൂപത്തിൻ മുമ്പാകെ വിളിച്ചുകൂട്ടി ഫാദർ ലേനിസ് ഒരു രഹസ്യസമ്മേളനം ചേരുകയുണ്ടായി. പ്രാർത്ഥനയോടുകൂടിയാരംഭിച്ച പ്രസ്തുത യോഗത്തിൽ അദ്ദേഹം പറഞ്ഞു: "പ്രിയ കുട്ടികളേ, നിങ്ങൾ കേട്ടിട്ടുണ്ടു് സ്വർഗ്ഗത്തിൽനിന്നു് ഗബ്രിയേൽ മാലാഖ ഭാഗ്യവതിയായ നമ്മുടെ അമ്മയ്ക്കു് പ്രത്യക്ഷനായി "നന്മ നിറഞ്ഞവളേ, നിനക്കു സ്വസ്തി" എന്നഭിസംബോധന ചെയ്തതും തുടർന്നു് മനുഷ്യാവതാരരഹസ്യം അമ്മയെ അറിയിച്ചതും. നിങ്ങൾ ഒരു കാര്യം ചെയ്താൽ നിങ്ങളുടെ മരണക്കട്ടിലിൽ വെച്ചു് "നന്മ നിറഞ്ഞവനേ, നിനക്കു സ്വസ്തി" എന്നു് — മാലാഖയല്ലാ — മാതാവുതന്നെ അരുളിച്ചെയ്യുകയും നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്കു് കൊണ്ടുപോകയും ചെയ്യും. മാതാവിനു് നിങ്ങളെത്തന്നെ പരിപൂർണ്ണമായി സമർപ്പിച്ചു് അവിടത്തെ സംരക്ഷണയിൽ ജീവിതം നയിച്ചാൽ മതി." കുട്ടികളെല്ലാവരും അങ്ങനെ ചെയ്യാമെന്നു് സമ്മതിച്ചു; ദൈവത്തിനു് സ്തോത്രംചെയ്തു് യോഗം പിരിഞ്ഞു.

പ്രസ്തുത അദ്ധ്യയനവത്സരത്തിൽ ഇടയ്ക്കിടെ നടത്തപ്പെട്ട അത്തരം യോഗങ്ങളുടെ പ്രഥമ മാതൃകയായിരുന്നു അതു്. അങ്ങനെ ഉദ്ദേശം രണ്ടു മാസത്തെ ഒരുക്കത്തിനു ശേഷം 1563 മാർച്ചു മാസം 25-ാംനു- മാതാവിന്റെ മംഗലവാർത്തതിരുനാൾ ദിവസം അവരെല്ലാവരും —ഏകദേശം 17 പേർ—മാതാവിന്റെ തിരുസ്വരൂപത്തിൻ മുമ്പാകെ ഒരുമിച്ചുകൂടി തങ്ങളെ പരിപൂർണ്ണമായി മാതാവിനു് പ്രതിഷ്ഠിക്കുകയും അവിടത്തെ ഇഷ്ടപ്രകാരം ജീവിതം നയിക്കുന്നുണ്ടെന്നു് പ്രതിജ്ഞയെടുക്കയും ചെയ്തു.

ഏതാനും ചില ഭക്താനുഷ്ഠാനങ്ങളും ഒരുപദേശവും എന്നതിൽ കവിഞ്ഞു് ക്രിയാത്മകമായ പല ലക്ഷ്യങ്ങളും ഫാ. ലേനിസിനുണ്ടായിരുന്നു. കാലോചിതമായ കത്തോലിക്കാ പ്രവർത്തനത്തിനു പററിയ പ്രേഷിതന്മാരായിത്തീരണം ഇവർ. വഷളത്തങ്ങളാലും വൈകൃതങ്ങളാലും മലീമസമായ 16-ാം നൂററാണ്ടിലെ അന്തരീക്ഷം പവിത്രീകരിക്കുന്നതിനു് യോഗ്യരും ശക്തരുമായി രംഗപ്രവേശം ചെയ്യേണ്ടിയിരുന്ന ഇവർ പ്രഥമതഃ ക്രിസ്തുവിൽ നവീകരിക്കപ്പെടേണ്ടിയിരുന്നു. ഇക്കാര്യസിദ്ധിക്കു് നിർബ്ബന്ധമെങ്കിലും നിഷ്കർഷാപൂർവ്വമായ ഒരു പരിപാടിയനുസരിച്ചു് സ്വശിഷ്യരെ ഫാദർ ലേനിസ് പരിശീലിപ്പിച്ചുപോന്നു.

റോമൻ കോളേജിലെ അന്നത്തെ സംസാരഭാഷ ലത്തീനായിരുന്നതുകൊണ്ടു് ഈ സംഘത്തിനു് കോൺഗ്രെഗാസിയൊ (Congregatio), സൊദാലിസിയും (Sodalitium), സൊദാലിത്താസ് (Sodolitas) എന്നിങ്ങനെയുള്ള സംജ്ഞകൾ ലഭിക്കുന്നതിനിടയായി. ഈ സംജ്ഞകൾതന്നെയാണ് പിൽക്കാലത്തുള്ള ഔദ്യോഗിക രേഖകളിലും തുടന്നതു്. ആംഗ്ലേയഭാഷ പ്രചാരത്തിലിരുന്ന രാജ്യങ്ങളിൽ സൊഡാലിററി (Sodality) എന്ന പേർ ഉപയോഗത്തിൽ വന്നു.

പഠനത്തിലും കായികാഭ്യാസങ്ങളിലും സർവ്വോപരി സുകൃതജീവിതത്തിലും ഫാ. ലേനിസിന്റെ വിദ്യാർത്ഥികൾ വരിച്ചിരുന്ന വിജയം കണ്ടു് ആകൃഷ്ടരായി പലേ വിദ്യാർത്ഥികളും ഈ സംഘത്തിൽ ചേരുവാൻ സന്നദ്ധരായി. ഇങ്ങനെ ഈ പ്രസ്ഥാനം ക്ലാസ്സു

കളിൽ നിന്ന് ക്ലാസ്സുകളിലേയ്ക്കും കോളേജുകളിൽ നിന്ന് കോളേജുകളിലേയ്ക്കും വ്യാപിക്കുവാൻ തുടങ്ങി.

ഒരു വൈദിക ഡയറക്ടറും അംഗങ്ങളിൽ പ്രധാനപ്പെട്ടവരിൽ നിന്ന് ഡയറക്ടറുടെ അംഗീകരണത്തോടു കൂടി അവർതന്നെ തെരഞ്ഞെടുക്കുന്ന പ്രീഫെക്ററും ആണ് സൊഡാലിററിയുടെ ഭരണം നടത്തിയിരുന്നതു്. കൂടുതൽ പ്രവർത്തനസൌകര്യത്തിനായി ആകെയുള്ള അംഗങ്ങളെ പന്ത്രണ്ടു ഗ്രൂപ്പുകളായി വിഭജിക്കുകയും ഓരോ ഗ്രൂപ്പിനും ഓരോ ലീഡറെ നിയമിക്കുകയും ചെയ്തിരുന്നു. അംഗങ്ങൾ ലീഡർമാരോടും ലീഡർമാർ പ്രീഫെക്ടിനോടും പ്രീഫെക്ട് ഡയറക്ടറച്ചനോടും ഉത്തരവാദപ്പെട്ട നിലയിലാണു് ഭരണക്രമം സംവിധാനം ചെയ്തിരുന്നതു്.

സഖ്യതാപ്രവർത്തനത്തിൻെറ അതിപ്രധാനലക്ഷ്യങ്ങൾ രണ്ടായിരുന്നു: സ്വയം വിശുദ്ധീകരണവും, പ്രേഷിതപ്രവർത്തനവും.

സഖ്യാംഗങ്ങൾ ആഴ്ചതോറും പാപസങ്കീർത്തനം നടത്തി ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നു. (അക്കാലത്തെ സമ്പ്രദായം പരിഗണിക്കുമ്പോൾ ഇതു് ഒരു അസാധാരണ ഭക്തകൃത്യമാണ്.) അന്നദിനം ദിവ്യബലിയിൽ പങ്കുകൊള്ളുകയും ജപമാലയോ, മാതാവിൻെറ സ്തുതിക്കായി മററതെങ്കിലും പ്രാർത്ഥനയോ ചൊല്ലുകയും പതിവായിരുന്നു. എല്ലാവരും ഒരുമിച്ചു ചേർന്ന് നടത്തിയിരുന്ന കാൽ മണിക്കൂർ നേരത്തെ ധ്യാനം, പ്രേഷിതപ്രവർത്തനങ്ങളെ പരാമർശിച്ചുള്ള (ഉദ്ദേശം അര മണിക്കൂർ) ചർച്ചകൾ, ആത്മശോധന—ഇവകളായിരുന്നു സായാഹ്നപരിപാടി. തിരുനാൾ ദിവസങ്ങളിൽ സന്ധ്യാനമസ്കാരം കഴിഞ്ഞു് ഓരോ ഗ്രൂപ്പുകളായി ആശുപത്രികളിലും ആതുരാലയങ്ങളിലും ഉള്ള രോഗികളെ ആശ്വസിപ്പിക്കുക, വിശുദ്ധന്മാരുടെ കവറിടങ്ങളെ സന്ദർശിക്കുക എന്നിവയും ചെയ്തിരുന്നു.

## അദ്ധ്യായം 2.

# 1773_ വരെ

റോമൻ കോളേജിലെ സഖ്യാംഗങ്ങൾ അവരുടെ പഠനം പൂത്തിയാക്കി ലോകരംഗത്തു് കടന്നു് അവർ ചെന്നിടങ്ങളിലെല്ലാം ജീവിതത്തിൻെറ ഏതു തുറയിലും ഏതു പ്രായക്കാക്കും വേണ്ടി സഖ്യതകൾ സ്ഥാപിക്കുവാൻ തുടങ്ങി. ഇററലിക്കു പുറമെ പല രാജ്യങ്ങളിലേയ്ക്കും ഫാദർ ജോൺ ലേനിസ് അദ്ദേഹത്തിൻെറ മേലധികാരികളാൽ അയയ്ക്കപ്പെട്ടു. പൂർവ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ ചെന്നിടത്തെല്ലാം കാര്യക്ഷമമായവിധം സഖ്യതാപ്രവത്തനം ഏപ്പെടുത്താൻ അദ്ദേഹത്തിനു് സാധിച്ചു. സ്വപരിശ്രമഫലമായി 1573-ാമാണ്ടോടുകൂടി ഇററലി, ഫ്രാൻസ്, സ്പെയിൻ, പോർട്ടുഗൽ എന്നീ രാജ്യങ്ങളിലെ ഇരുപത്തിരണ്ടു പ്രധാന പട്ടണങ്ങളിൽ അദ്ദേഹം സൊഡാലിററികൾ സ്ഥാപിച്ചു. താമസിയാതെ ബെൽജിയം, റൈൻലണ്ടു്, ബവേറിയ, ബൊഹീമിയ, ഓസ്ട്രിയ, ഹോളണ്ടു്, സ്വിററ്സർലണ്ടു്, മെക്സിക്കൊ മുതലായ രാജ്യങ്ങളിലും സഖ്യത സ്ഥാപിതമായി.

## പ്രീമ പ്രിമാരിയ

സഖ്യതാപ്രസ്ഥാനമാരംഭിച്ചു് 21_ാം വത്സരം (1584 നവമ്പർ 19_ാംനു-) ട്യൂറിനിൽവെച്ചു് ഫാദർ ലേനിസ് നിര്യാതനായി. അദ്ദേഹത്തിൻെറ മരണാനന്തരം 16_ാം ദിവസം 13-ാം ഗ്രിഗോരിയോസ് മാപ്പാപ്പ "ഓമ്നിപൊത്തേന്തിസ് ദേയി" (സർവ്വശക്തനായ ദൈവത്തിൻെറ) എന്നാരംഭിക്കുന്ന തിരുവെഴുത്തുമുഖേന റോമൻ കോളേജിലെ സഖ്യതയെ കാനോനികമായി അംഗീകരിക്കുകയും നിരവധി ദണ്ഡവിമോചനങ്ങളും ആനുകൂല്യങ്ങളും നൽകി അനുഗ്രഹിക്കുകയും ചെയ്തു. തന്നെയുമല്ല, അതിനെ പ്രധാന സഖ്യതയായിട്ടു് പ്രഖ്യാപിക്കുകയും ഈശോസഭക്കാരുടെ നിയന്ത്രണത്തിലുള്ള മററു സഖ്യതകൾ, അവയവങ്ങൾ ശിരസ്സിനോടെന്നപോലെ_ ഇതിനോടു് ബന്ധപ്പെട്ടിരിക്കണമെന്നു് നിർദ്ദേശിക്കുകയും ചെയ്തു.

ശിരസ്സായ റോമൻ കോളേജിലെ സഖ്യതയ്ക്കു് മാർപ്പാപ്പ കല്പിച്ചനുവ ദിച്ച ദണ്ഡവിമോചനങ്ങളും ആനുകൂല്യങ്ങളും ലോകത്തിലുള്ള ഇത ര സഖ്യതകൾക്കു് സംയോജനം (Affiliation) വഴി നൽകുന്നതി നുള്ള ഔദ്യോഗികാധികാരം ഈശോസഭക്കാരുടെ ജനറാളിനു് നല്ക കയുണ്ടായി.

ലോകത്തിൻെറ നാനാഭാഗങ്ങളിൽ സൊഡാലിററികൾ സ്ഥാപിക്കപ്പെട്ടകയും വളൎന്നു് വികസിക്കുകയും ചെയ്യുകൊണ്ടിരു ന്നപ്പോൾ റോമൻ കോളേജിലെ പ്രഥമ സൊഡാലിററിയും പ്രശം സനീയമായവിധം പരിപുഷ്ടിപ്രാപിക്കുകയുണ്ടായി. 1569_ൽ പ്ര സ്തുത സഖ്യത ഹൈസ്കൂൾ വിദ്യാൎത്ഥികൾക്കു് ഒന്നു്, കോളേജ്_സെ മിനാരി വിദ്യാൎത്ഥികൾക്കു് മറെറാന്നു്—ഇങ്ങനെ രണ്ടായി വിഭജി ക്കപ്പെട്ടു. അംഗങ്ങളുടെ സംഖ്യാവൎദ്ധനവു നിമിത്തം വിഭാഗങ്ങൾ നാലായി: പ്രീമ പ്രിമാരിയ (പ്രധാനപ്പെട്ട ഒന്നാമത്തേതു്), സെ ക്കന്ത പ്രിമാരിയ (പ്രധാനപ്പെട്ട രണ്ടാമത്തേതു്), എന്നിങ്ങനെ ക്ര മാനുഗതം. പിൽക്കാലത്തു് റോമൻ കോളേജിലെ സഖ്യതകൾ ഏ കീകരിക്കപ്പെട്ടശേഷവും പ്രീമ പ്രിമാരിയ എന്ന പേർ തുടൎന്നു വിളിക്കപ്പെട്ടുപോരുകയാണുണ്ടായതു്.

## ഒരു ഞെട്ടിൽ പല പൂക്കൾ

സൊഡാലിററികളുടെ അത്ഭുതകരമായ വളൎച്ച മൂലം ഒട്ടനവ ധി പ്രശ്നങ്ങൾ ഉയൎന്നുവന്നു. ജീവിതത്തിലെ വിവിധ തുറകളിൽ നിന്നും നിരവധി വിശ്വാസികൾ സഖ്യതയിൽ പ്രവേശിച്ചതു മൂലം സഖ്യതാഭരണം ദുഷ്കരമായി ഭവിച്ചു. ജീവിതരംഗവൈ വിധ്യവും പ്രായവ്യത്യാസവും അനുസരിച്ചു് ഒരു സ്ഥലത്തു് പല വിഭാഗങ്ങൾ രൂപീകരിക്കുക എന്നതായിരുന്നു ഇത്തരുണത്തിൽ ഏക പരിഹാരമാൎഗ്ഗം.

1587 ജനുവരി 5_ാംനു സിക്സ്റ്റസ് പഞ്ചമൻ മാർപ്പാപ്പ "സുപ്പേർണ ദിസ് പൊസിസ്സിയോനെ" എന്ന തിരുവെഴുത്തു് വഴി യായി ഒരേ കോളേജിലോ സന്യാസഭവനത്തിലോ വിവിധ തര ക്കാൎക്കായി വ്യത്യസ്ത സഖ്യതകൾ സ്ഥാപിക്കുന്നതിനും ഒരോന്നും

വെവ്വേറെ പ്രീമ പ്രിമാരിയയോട് സംഘടിപ്പിക്കുന്നതിനും അനുമതി കല്പിച്ചുനൽകി. 1658_ാമാണ്ടായപ്പോഴേയ്ക്കും റോമിലെ പ്രീമ പ്രിമാരിയയോട് സംയോജിപ്പിക്കപ്പെട്ട 1459 സഖ്യതകൾ ലോകത്തിലൊട്ടാകെ പ്രവർത്തനം നടത്തുന്നുണ്ടായിരുന്നു. നേപ്പിൾസ് തുറമുഖത്തിലെ നാവികഭടന്മാർക്കായുള്ള സൊഡാലിററിയിൽ ഇരുനൂറിലധികം അംഗങ്ങളുണ്ടായിരുന്നുവെന്നതു് ഈ പ്രസ്താവനയ്ക്കൊരു തെളിവാണ്. നേപ്പിൾസ് പട്ടണത്തിലാകെ ഉണ്ടായിരുന്ന പതിനെട്ടു സഖ്യതകളിൽ ഒന്നു മാത്രമാണിതെന്നും ധരിക്കേണ്ടതുണ്ട്.

ഇക്കാലത്തു് വൈദികർ, വൈദിക വിദ്യാർത്ഥികൾ, സർക്കാരുദ്യോഗസ്ഥന്മാർ, ചിത്രമെഴുത്തുകാർ, കച്ചവടക്കാർ, വിദ്യാർത്ഥികൾ, സാധാരണ ജനങ്ങൾ, പ്രഭുക്കന്മാർ, വീട്ടുവേലക്കാർ, യാചകർ എന്നു തുടങ്ങിയുള്ള വിവിധ തരക്കാർക്ക് വ്യത്യസ്ത സഖ്യതകളുണ്ടായിരുന്നു. മെസ്സീന (Messina) പട്ടണത്തിൽത്തന്നെ ഓരോ തരക്കാർക്കായി പതിനഞ്ച് സഖ്യതകളുണ്ടായിരുന്നു: 1. കോളേജ് വിദ്യാർത്ഥികൾ, 2. പ്രഭുക്കന്മാർ, 3. സൂപ്പർവൈസർമാർ, 4. തൊഴിലാളികൾ, 5. ഹൈസ്കൂൾ വിദ്യാർത്ഥികൾ, 6. നിയമ വിദ്യാർത്ഥികൾ, 7. ജോലിപരിശീലനക്കാർ (Apprentices) 8. വണിക്കുകൾ, 9. വൈദികർ, 10. നിസ്സ്വാർത്ഥമായി പ്രേഷിതവേലയിലേർപ്പെട്ടിരിക്കുന്നവർ (A "secret circle" of Sodalists who made yet greater efforts in their spiritual formation and in the apostolate), 11. യാചകർ (അനുദിനം ഇരന്നു് കിട്ടുന്നതിൽനിന്നു് പത്തിലൊന്നു് ഇവർ സഖ്യതാപ്രവർത്തനത്തിനു് സംഭാവന ചെയ്തിരുന്നു), 12. നിയമ പണ്ഡിതന്മാർ, 13. കുട്ടികൾ, 14. വിവിധ തരക്കാരിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, 15. കൃഷീവലന്മാർ.

## കൊളോൺ പട്ടണത്തിൽ

കൊളോണിലെ ജസ്യൂീററ് കോളേജിലുണ്ടായിരുന്ന അഞ്ചു സഖ്യതകൾ അവരുടെ ഉന്നതമായ അന്തരംഗജീവിതനിലവാരവും ഊർജ്ജസ്വലമായ പ്രേഷിത പ്രവർത്തനങ്ങളും വഴി ആ കോളേജിനെ

സജീവമാക്കിച്ചെയ്തിരുന്നു. സൊഡാലിററി അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു് 1576_ൽ ഫാദർ ഫ്രാൻസീസ് കോസ്റ്റർ (Coster) ഒരു മാനുവൽ (സഖ്യതാചരിത്രത്തിൽ പ്രഥമ ഗ്രന്ഥം) പ്രസിദ്ധീകരിച്ചു. പ്രസ്തുത മാനുവലിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ഭക്താനുഷ്ഠാനങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ചു് (ഉദാഹരണമായി: ദിവ്യബലിയിൽ പങ്കുകൊള്ളേണ്ടവിധം, കർമ്മാനുഷ്ഠാനങ്ങളുടെ സാരം, ആത്മപരിശോധന, പാപസങ്കീർത്തനം, ദിവ്യകാരുണ്യസ്വീകരണം മുതലായവ) വിശ്വാസികളെ പഠിപ്പിക്കുന്ന സഖ്യാംഗങ്ങൾക്കു് 20 വഷത്തെ ദണ്ഡവിമോചനം 13_ാംഗ്രിഗോരിയോസ് മാർപ്പാപ്പ കല്പിച്ചുനൽകുകയുണ്ടായി.

അന്നു് നിലവിലിരുന്ന പാഷണ്ഡതകൾക്കെതിരായി പരസ്യമായി സത്യപ്രതിജ്ഞ ചെയ്യിച്ചതിനുശേഷം മാത്രമേ ഫാ. കോസ്റ്റർ സഖ്യതയിലേയ്ക്കു് അംഗങ്ങളെ സ്വീകരിച്ചിരുന്നുള്ളു. അദ്ദേഹത്തിൻെറ മാനുവലിൽ ചേർത്തിരുന്ന പ്രതിഷ്ഠാജപത്തിൽ താഴെ കാണുന്ന പ്രതിജ്ഞ പ്രകടമായി കൊട്ടുത്തിരുന്നു: "നിന്നെ ഒരിക്കലും ഞാൻ ഉപേക്ഷിക്കയൊ നിനക്കെതിരായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ, നിൻെറ ബഹുമാനത്തിന്നെതിരായി മററുള്ളവർ യാതൊന്നും പ്രവർത്തിക്കുന്നതിനു് സമ്മതിക്കുകയോ ചെയ്കയില്ലെന്നും ഞാൻ ഉറപ്പായിട്ടു് പ്രതിജ്ഞ ചെയ്യുന്നു." ട്രെൻടിലെ സാർവ്വത്രിക സൂനഹദോസിൻെറ നിർദ്ദേശമനുസരിച്ചുകൂടെയുമായിരുന്നു സഖ്യാംഗങ്ങൾ ഈ സത്യപ്രതിജ്ഞ ചെയ്തിരുന്നതു്.

കൊളോൺ പട്ടണത്തിൽത്തന്നെ എട്ടു് വിഭാഗക്കാർക്കായി സൊഡാലിററിയുണ്ടായിരുന്നു. 1) വൈദികർ, 2) പ്രഭുക്കന്മാർ, 3) സർവ്വകലാശാലക്കാർ, 4) സാധാരണ കുടുംബത്തലവന്മാർ, 5) അവിവാഹിതരായ തൊഴിലാളികൾ, 6) തൊഴിൽ പരിശീലനക്കാർ, 7) പട്ടാളക്കാർ, 8) ആഭരപ്പണിക്കാർ.

വിവിധ ഗ്രൂപ്പുകളിൽപ്പെട്ട സഖ്യാംഗങ്ങളുടെ ചൈതന്യപൂർണ്ണമായ പ്രവർത്തനങ്ങൾകൊണ്ടു് പ്രശോഭിതമായ കൊളോണിലെ ജസ്വീററു് കോളേജ് ഏതവസരത്തിലും പാഷണ്ഡതയ്ക്കെതിരായി സുശക്തമായ ഒരു പ്രതിരോധ കോട്ടയായി നിലകൊണ്ടിരുന്നു.

ചില സഖ്യാംഗങ്ങൾ ചെറുപ്പക്കാരേയും പ്രായംചെന്നവരേയും വേദപാഠം പഠിപ്പിച്ചിരുന്നു, മററു ചിലർ ലൂഥറിന്റെ അബദ്ധസിദ്ധാന്തങ്ങൾക്കെതിരായി ഒരു സന്ധിയില്ലാസമരത്തിലേർപ്പെട്ടു. പക്വമതികളും വിജ്ഞാനികളുമായ ഏതാനും സഖ്യാംഗങ്ങൾ പാഷണ്ഡികളെ മാനസാന്തരപ്പെടുത്തുവാനും ചഞ്ചലചിത്തരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനും വൈദികരോടൊത്തു് യത്നിച്ചുപോന്നു. "അന്ധമായ പാപ്പാഭക്തി"യെന്നു് പറഞ്ഞു് പാഷണ്ഡികൾ ദുഷ്പ്രചരണം നടത്തിയിരുന്ന മതാത്മകസേവനങ്ങൾ, പ്രദക്ഷിണങ്ങൾ, തീർത്ഥയാത്രകൾ, തുടങ്ങിയ സംഘാത പ്രകടനങ്ങൾ വഴി എല്ലാ സഖ്യാംഗങ്ങളും അവരുടെ വിശ്വാസത്തിന്റെ യുക്തിയുക്തത കാണിച്ചുകൊടുത്തിരുന്നു. നിരവധി വൈദികരും മാർപ്പാപ്പയുടെ പ്രതിനിധിയും അദ്ദേഹത്തിന്റെ അരമനവാസികളുംകൂടെ അതിൽ പ്രവേശിക്കത്തക്കവിധം പ്രേരണാശക്തിയുണ്ടായിരുന്നു പ്രസ്തുത സഖ്യത്തിനു്.

1583_ൽ വിശ്വാസം ത്യജിച്ച എലക്ക്റ്റർ ഗെബാർഡ് ട്രൂച്ചസ് (Elector Gebhard Truchess) മെത്രാപ്പോലീത്ത തന്റെ അതിരൂപതയിലെ വിശ്വാസികളെ വഴിതെററിക്കാൻ ഉദ്യുക്തനായപ്പോൾ അതിനെതിരായി സ്വരമുയർത്തി കത്തോലിക്കാസഭയുടെ പാവനപഠനങ്ങളെ ആദരിക്കുവാനും സംരക്ഷിക്കുവാനും സിററികൗൺസിൽ മുഖേന ഔദ്യോഗിക പ്രഖ്യാപനം നടത്തിച്ചതു് ഈ മരിയൻ സഖ്യാംഗങ്ങളാണ്.

1611_ൽ പന്ത്രണ്ടു് കാനൻസ്* ചേന്നു് വൈദികർക്കായുള്ള ഒരു സഖ്യതയാരംഭിച്ചു. താമസിയാതെ അവരുടെ സംഖ്യ നാല്പതായി. അക്കാലത്തെ പാഷണ്ഡതകൾക്കെതിരായി സഭാസംരക്ഷണം നടത്തുന്നതിനു് ഈ സഖ്യത തദംഗങ്ങൾക്കു വലിയ പ്രചോദനം നൽകുന്നതിനു് നിദാനമായിട്ടുണ്ടു്. 17_ാം നൂററാണ്ടിനു് ശേഷവും ഈ സഖ്യത നിലനിന്നിരുന്നു.

---

*വൈദികരുടെ ഇടയിൽ ഒരു സ്ഥാനം.

# വൈദികക്കായുള്ള സൊഡാലിററി

1583-ൽ ഇററലിയിലെ ലീസ് (Lecce) പട്ടണത്തിൽ വി. ബെർനാഡിൻ റെയലീനൊ വൈദികക്കായുള്ള ഒന്നാമത്തെ സൊഡാലിററി സ്ഥാപിച്ചു. അൽമായക്കായുള്ള സഖ്യതാപ്രവത്തനങ്ങളിൽനിന്ന് ലഭിച്ച വിജയമാണ് വൈദികക്കായി ഒരു സൊഡാലിററി സ്ഥാപിക്കുന്നതിന് അദ്ദേഹത്തിന് പ്രചോദനം നൽകിയതു്.

വൈദികമരിയസഖ്യാംഗങ്ങൾ അനുദിനം അര മണിക്കൂർ നേരം ധ്യാനിക്കുകയും കാനോൻ ജപങ്ങളും ബലിയപ്പണവും കൂടുതൽ ഭക്തിപൂവ്വം നടത്തുകയും പ്രതിവാരപാപസങ്കീത്തനം നടത്തുകയും ചെയ്തിരുന്നു. സഭാസംരക്ഷണസംബന്ധമായി ഹൈരാക്കിയോടുള്ള ചുമതല ഒരു സത്യപ്രതിജ്ഞമൂലം പ്രഖ്യാപിക്കുകയും, മാർപ്പാപ്പ, മെത്രാന്മാർ, കത്തോലിക്കാരാജാക്കന്മാർ എന്നിവക്കായും, പ്രത്യേകിച്ചു് ടക്കിയിലെ സുൽത്താൻേറയും ഇംഗ്ലണ്ടിലെ രാജ്ഞിയുടേയും മാനസാന്തരത്തിനുവേണ്ടിയും പ്രാത്ഥിക്കുകയും ചെയ്തിരുന്നു. അന്തരംഗജീവിതത്തിനുള്ള ഈ നിഷ്കർഷകൾമൂലം തങ്ങളെ സമീപിക്കുന്ന ആത്മാക്കൾക്ക് കൂടുതൽ വരപ്രസാദദായകമായരീതിയിൽ കൂദാശകളും മററു വൈദികശുശ്രൂഷകളും പരികമ്മം ചെയ്യുന്നതിന് ഇവക്കു സാധിച്ചു. ഒന്നിടവിട്ടുള്ള ആഴ്ചകളിൽ നടത്തിയിരുന്ന സന്മാർഗ്ഗദൈവശാസ്ത്രകോൺഫ്രൻസുകൾ പാപസങ്കീത്തനവേദിയിലെ ചുമതല ഏററം സ്തുത്യർഹമായവിധം നിറവേററുന്നതിന് സഹായകമായി ഭവിച്ചു. കാലക്രമത്തിൽ നേപ്പിൾസ്, കൊളോൺ, ഡിഷോങ്ങ്, ജെനിവ്, റോമ, ബർസെലാന, മെക്സിക്കൊ, പെറു എന്നീ സ്ഥലങ്ങളിലും വൈദികസഖ്യതകൾ സ്ഥാപിതമായി. 1760-ൽ നേപ്പിൾസിൽനിന്നും ജസ്വീററ് വൈദികരെ നാടുകടത്തുന്നതുവരെ ലീസിലെ സഖ്യത സജീവമായി പ്രവത്തനം നടത്തിയിരുന്നു.

തികഞ്ഞ മരിയാഭക്തനും മരിയസഖ്യാംഗങ്ങളുടെ ആധുനികകാലത്തെ അനിഷേധ്യ നേതാവുമായ 12-ാം പിയൂസ് മാർപ്പാപ്പ തിരുമനസ്സുകൊണ്ടു് വൈദികമരിയാസഖ്യത്തെപ്പററി അരുളിച്ചെയ്യുന്നതു് ശ്രവിച്ചാലും: "It is a great joy and consolation to

Us that the Sodalities of priests and candidates for priesthood which in past centuries have laboured with great utility for the church, are flourishing also in our times; We recommend them most earnestly, for they are very useful both for the formation of excellent priests and for the timely preparation and instruction of future Sodality Directors"

(Letter to Fr. L. Paulussen, Director of Central Secretariate, Rome)

## സന്ന്യാസികൾക്കായുള്ള സൊഡാലിററി

റൈൻ പ്രോവിൻസിലെ ജസ്വീററ് പ്രോവിൻഷ്യാളച്ചന് ഒരു നവീന പ്രശ്നം അഭിമുഖീകരിക്കേണ്ടിവന്നു. വിവിധ സഭകളിലെ സന്ന്യാസികൾ ഉൾപ്പെട്ട ഒരു സൊഡാലിററിയായിരുന്നു ജെർമ്മനിയിലെ വേഴ്സ്ബർഗ് (Wurzburg) കോളേജിലുണ്ടായിരുന്നത്. ഇത്തരമൊരു സംയുക്ത സഖ്യതയുടെ ന്യായീകരണം അദ്ദേഹത്തിന് സുവ്യക്തമല്ലായിരുന്നു. തന്മൂലം അന്നത്തെ ഈശോസഭാ ജനറാളായിരുന്ന ഫാദർ അക്വാവീവയോട് അദ്ദേഹം ഈ സഖ്യതയുടെ നിലനില്പിന്റെ സാധുതയെപ്പററി എഴുതി ചോദിച്ചു. "ഇത്തരമൊരു സൊഡാലിററി തുടൎന്നു പോകുന്നതിനു യാതൊരു വിരോധവുമില്ലെന്നും സന്ന്യാസികൾ ഏതു സഭയിൽപ്പെട്ടവരായാലും സഖ്യതയിലെ അംഗത്വം കൂടുതൽ തീക്ഷ്ണമായ ജീവിതം നയിക്കുന്നതിനു പ്രചോദനം നല്കുകയേയുള്ളൂ"വെന്നും ഫാദർ ജനറലിൽനിന്നു മറുപടി ലഭിച്ചു.

ഡില്ലിങ്ങ്ജ (Dillingen, Germany) നിലെ സന്ന്യാസികൾക്കായുള്ള സൊഡാലിററിയിൽ ഭാരവാഹികളെ രണ്ടു മാസത്തിലൊരിക്കൽ തിരഞ്ഞെടുക്കുകയായിരുന്നു പതിവ്. സഖ്യാംഗങ്ങളിൽ കാണപ്പെടാറുള്ള സാധാരണ തെററുകൾ പരസ്യമായി തിരുത്തുവാനും ഉചിതമെന്ന് തോന്നുന്ന പരിഹാരം നിർദ്ദേശിക്കുവാനും പ്രീഫെക്ടിന് അധികാരമുണ്ടായിരുന്നു. ആഴ്ചതോറും മുക്കാൽ മണിക്കൂർ

നേരം മീററിങ്ങ് നടത്തും. ഡയറക്ടറച്ചൻെറ ഉപദേശമാണ് പ്രാരംഭച്ചടങ്ങ്. പ്രസ്തുത ഉപദേശത്തിൻെറ ചുരുക്കം ഏതെങ്കിലും ഒരംഗം ആവത്തിക്കണം. യോഗത്തിൻെറ ഭൂരിഭാഗം സമയം അംഗങ്ങൾക്ക് പുണ്യപൂർണ്ണതയാർജ്ജിക്കുവാനുള്ള വിജ്ഞാനം പ്രദാനം ചെയ്യുവാനും, ഈ ജ്ഞാനം സ്വജീവിതത്തിൽ പ്രയോഗിക്കുവാനുമുള്ള സുഗമമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു കൊടുക്കുവാനും വേണ്ടിയാണ് വിനിയോഗിച്ചിരുന്നത്.

## പ്രഭുക്കൾക്കായുള്ള സൊഡാലിററി

വി. ബെർനാഡിൻ റെയലിനൊ (St. Bernardine Realino) ലീസ് പട്ടണത്തിൽ പ്രഭുക്കൾക്കായി സ്ഥാപിച്ച സഖ്യത ആദ്ധ്യാത്മികജീവിതത്തിൽ സമുന്നതമായ ഒരു നിലവാരം പുലത്തിയിരുന്നു. ഓരോ പ്രഭുവും സ്വകുടുംബാംഗങ്ങളോടൊത്ത് പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു് പരമാവധി പരിശ്രമിക്കാതിരുന്നില്ല. രാവിലെ കാൽ മണിക്കൂർനേരത്തെ ധ്യാനം, ജപമാലയോ ഒപ്പീസോ ജപിക്കുക, ദിവ്യബലിയിൽ സംബന്ധിക്കുക, ദിവ്യകാരുണ്യസന്ദർശനം നടത്തുക, രാത്രിയിൽ നിഷ്ക്കർഷമായ ആത്മശോധന ചെയ്യുക എന്നിവ ഓരോ സഖ്യാംഗത്തിൻേറയും അനുദിന ഭക്താഭ്യാസങ്ങളാണ്. മാസത്തിൻെറ ഒന്നാം ഞായറാഴ്ച, പൊതുവിൽ ദിവ്യകാരുണ്യം സ്വീകരിക്കുകയും അടുത്തടുത്ത് ഇതു് നടത്താൻ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. ശനി, ഞായർ എന്നീ ദിവസങ്ങളിൽ മാത്രമല്ലാ, ആഗമനകാലം, കാർണിവൽ ദിവസങ്ങൾ, പെസഹാക്കാലം എന്നീ അവധികളിലും പ്രത്യേക ഭക്താനുഷ്ഠാനങ്ങളും പരിഹാരകൃത്യങ്ങളും അനുഷ്ഠിക്കുമായിരുന്നു.

എല്ലാവക്കും—പ്രത്യേകിച്ച് സാധുക്കൾക്ക്—വേണ്ടി അനേകതരത്തിലുള്ള ജീവകാരുണ്യ പ്രവത്തനങ്ങൾ നടത്തിപ്പോന്നു. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞു് രോഗികളുടെ വീടും ആശുപത്രികളും സന്ദർശിക്കുക, ജയിൽപുള്ളികളെ സാന്മാർഗ്ഗിക തത്വങ്ങളും വേദോപദേശവും പഠിപ്പിക്കുക, സാധുക്കളായ കടക്കാർക്ക് പലിശ കൂടാതെ പണംകൊടുത്തു് ശിക്ഷാനിയമങ്ങളിൽ നിന്നു് രക്ഷിക്കുക, ശത്രുക്കളെ രമ്യപ്പെടുത്തുക, അവശരായ സാധുക്കൾക്കു വേണ്ടി

ഭിക്ഷാടനം നടത്തി ഭക്ഷണവും വസ്ത്രങ്ങളും വാങ്ങിക്കൊടുക്കുക ഇത്യാദിയായിരുന്നു അവരുടെ പരസ്നേഹസേവനങ്ങളിൽ ചിലതുകൾ.

ധനാഢ്യരായ കച്ചവടക്കാരും പ്രഭുക്കന്മാരും ബാലികാബാലന്മാരെ വിളിച്ചുകൂട്ടി വേദോപദേശം പഠിപ്പിക്കുന്നതും പാവപ്പെട്ട രോഗികൾക്ക് ഭക്ഷണം കൊണ്ടുപോയി കൊടുക്കുന്നതും ജയിലറകളിലും ആശുപത്രികളിലും പ്രാർത്ഥനയ്ക്കു നേതൃത്വം കൊടുക്കുന്നതും കാണികളുടെ ഇടയിൽ സഖ്യതാപ്രസ്ഥാനത്തെപ്പററി എന്തെന്നില്ലാത്ത ഒരു മതിപ്പ് സംജാതമാക്കി.

18-ാം നൂററാണ്ടിന്റെ ആരംഭകാലത്ത് ഫ്രാൻസിലെ സീൻ (Caen) പട്ടണത്തിൽ പരിലസിച്ചിരുന്ന ഒരു സഖ്യതയ്ക്കു സാധുക്കളെ സഹായിക്കുന്നതിന് കുറെക്കൂടി വിശിഷ്ടവും വ്യവസ്ഥാപിതവുമായ ഒരു പരിപാടിയാണുണ്ടായിരുന്നതു്. അതിന്റെ പ്രവർത്തനങ്ങളെ സഖ്യതാദ്ധ്യയറക്ടറർ ഇപ്രകാരം വിവരിക്കുന്നു: (1) പണിക്കാരേയും പാവപ്പെട്ടവരേയും സഹായിക്കുന്നതിന് സഖ്യാംഗങ്ങൾ ഒരു ഫണ്ട് ശേഖരിച്ച് പലിശകൂടാതെ കടം കൊടുക്കുകയും ചെറുകിട വ്യവസായങ്ങൾ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. (2) സകല വിശുദ്ധന്മാരുടെ തിരുനാൾ (നവമ്പർ 1-ാംനു) മുതൽ മെയ്മാസാരംഭം വരെയുള്ള കാലാവധിയിൽ ആഴ്ചതോറും ഇടവകാതിർത്തിയിലുള്ള സാധുക്കളുടെ വീടുകൾ സന്ദർശിച്ചിരുന്നു. മുമ്മൂന്ന് പേരടങ്ങിയ ഓരോ സംഘമായി തിരിഞ്ഞാണ് പ്രഭുക്കന്മാർ ഈ സന്ദർശനങ്ങൾ നടത്തിയിരുന്നതു്. (3) ഈ സന്ദർശനാവസരങ്ങളിൽ കണ്ടുമുട്ടുന്ന വാസനാസമ്പന്നരായ ബാലന്മാരെ വിളിച്ച് ജന്മസിദ്ധമായ അവരുടെ കഴിവുകളെ പരിപോഷിപ്പിച്ച് കാലയാപനം കഴിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുത്തിരുന്നു. (4) ആരോഗ്യമുള്ളവൎക്ക് ആവശ്യമായ പണം അഡ്വാൻസ് കൊടുത്ത് ഓരോ തൊഴിൽ ചെയ്യുന്നതിന് സഹായിച്ചിരുന്നു. ഇങ്ങനെ അലസജീവിതത്തിൽനിന്നും ലജ്ജാകരമായ ഭിക്ഷാടനത്തിൽനിന്നും അവരെ രക്ഷിക്കുകയും ഗണ്യമായ ധനസമ്പാദനത്തിന് വഴി തുറന്നുകൊടുക്കുകയും ഉണ്ടായി. (5) പട്ടണാതിർത്തികളിൽ ഉണ്ടായിരുന്ന മററ് ആറ് ഇടവകകളിലെ ദീനക്കാൎക്ക് ആവശ്യമായ മരുന്ന്, ഭക്ഷണം,

കിടക്ക, വസ്ത്രം മുതലായവയും വിതരണം ചെയ്യുവാൻ ഇവർ ശ്രദ്ധാലുക്കളായിരുന്നു. (6) ആണ്ടുതോറും ക്രിസ്മസ് കാലത്തു് ഈ പ്രദേശങ്ങളിലെ ഏററം ദരിദ്രരായ ഇരുപത്തിയഞ്ചു് സ്ത്രീകൾക്കു് ഏകാന്തധ്യാനം കഴിക്കുന്നതിനു് വേണ്ട എല്ലാ സഹായങ്ങളും ചെയ്തു കൊടുത്തിരുന്നു. കൂടുതൽ ആളുകൾക്കു് ഈ ആനുകൂല്യം ലഭിക്കുന്നതിനു് ഓരോ സ്ഥലത്തുനിന്നു് മാറിമാറിയാണു് ആളുകളെ എടുത്തിരുന്നതു്. (7) ജയിൽവാസികളും ഇവരുടെ ശ്രദ്ധയിൽ പെടാതിരുന്നില്ല. അവരിൽ രോഗികളായവരോടു് പ്രത്യേക കാരുണ്യം കാണിച്ചിരുന്നു. ആരോഗ്യമുള്ളവക്കു് ആഴ്ചയിലൊരിക്കൽ വസ്ത്രങ്ങൾ മാറി ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏർപ്പെടുത്തി. കൂടാതെ ഇവക്കുവേണ്ടി നീതിന്യായാസനത്തിങ്കൽ ന്യായവാദം നടത്തുന്നതിനു് കാരുണ്യശീലരായ വക്കീലന്മാരും സഖ്യാംഗങ്ങളുടെ ഇടയിലുണ്ടായിരുന്നു. (8) ഇവയെല്ലാം അതിതമായി പ്രാദേശികവും വൈദേശികവുമായ മിഷൻ സ്ഥലങ്ങളിൽ ഇവരുടെ പ്രയത്നഫലം എത്തിച്ചു കൊടുക്കുവാൻ കഴിവുള്ള എല്ലാ ശ്രമവും ഇവർ ചെയ്തിരുന്നു.

## തൊഴിലാളികളുടെ സഖ്യത

മാഴ്സെയിത്സി (Marseilles, France) ലെ തൊഴിലാളി' സൊഡാലിററി അന്നു് യൂറോപ്പിൽ സവ്വത്ര നിലവിലിരുന്ന സഖ്യതകളുടെ ഒരു സാമ്പിൾ മാത്രമാണു്. 1704 ജനുവരി മൂന്നാം ഞായറാഴ്ച, ഫാദർ ജോൺ ക്രൊആസെ (Croiset) എസ്. ജെ. 60 തൊഴിലാളികളെ ചേർത്തു് ഈ സഖ്യതയാരംഭിച്ചു. അടുത്ത ആഴ്ചയിൽ 40 പേർ കൂടി സ്വീകരിക്കപ്പെട്ടു. പ്രീമ പ്രിമാരിയയോടു് സംയോജിപ്പിക്കപ്പെട്ട രേഖ ഒക്ടോബർ ആരംഭത്തിൽ ലഭിച്ചു. ഒക്ടോബർ 5-ാംനു- പ്രീഫെക്ററും മററുദ്യോഗസ്ഥന്മാരും നിയമിതരായി; ആഘോഷമായ പ്രതിഷ്ഠയും നടത്തി.

പ്രതിവാരം ഞായറാഴ്ച, പകൽ ഒരു മണി സമയത്തു് സമ്മേളിച്ചിരുന്നു. സഖ്യാംഗങ്ങൾ മീററിങ്ങ് ഹാളിൽ സ്ഥലം പിടിച്ചു കഴിഞ്ഞാൽ വിശുദ്ധന്മാരുടെ ചരിത്രപാരായണത്തോടുകൂടെ സമ്മേളനമാരംഭിക്കും. "സ്രഷ്ടാവായ റൂഹായേ! എഴുന്നള്ളി വരിക" എന്ന ഗീതാലാപത്തിനു ശേഷം ജപമാലയും ഒപ്പീസിലെ സന്ധ്യാ

ജപവും ചൊല്ലും. ആദ്ധ്യാത്മിക ജീവിതം ലക്ഷ്യമാക്കി ഡയറക്ടറച്ചൻ ഉദ്ദേശം അര മണിക്കൂർ സമയം ഉപദേശം പറയുക പതിവാണു്. ദീനക്കാർക്കും, മരിച്ചവർക്കും, ഭരണാധിപന്മാർക്കും, സന്നിഹിതരല്ലാത്തവർക്കും വേണ്ടിയുള്ള പ്രാർത്ഥനകളാണ് അനന്തര നടപടി. ചൈതന്യനിർഭരമായ ഏതൊരു സഖ്യതയിലേയുംപോലെ ഈ സമ്മേളനങ്ങളും ആദ്ധ്യാത്മിക ജീവിതവും പ്രേഷിത പ്രവർത്തനങ്ങളും ലക്ഷ്യം വെച്ചുള്ളവയായിരുന്നു. ഉത്തമ കത്തോലിക്കാജീവിതം സംബന്ധിച്ച് ഏററം വ്യക്തമായ നിർദ്ദേശങ്ങളും ഗുരുതര കൃത്യവിലോപങ്ങൾക്ക് മാതൃകാപരമായ ശിക്ഷാനിയമങ്ങളും നിലവിലുണ്ടായിരുന്നു. സഹോദരസ്നേഹത്തിനു് വലിയ പ്രാധാന്യമാണ് കല്പിച്ചിരുന്നതു്. ഡയറക്ടരച്ചനേയോ പ്രീഫക്ടിനേയോ സമീപിച്ച് ആലോചന ചോദിക്കാതെ വ്യക്തിപരമായ വഴക്കുകളിൽ യാതൊരു നടപടിയും സ്വീകരിക്കാൻ പാടുണ്ടായിരുന്നില്ല. തൊഴിലില്ലാത്ത കാലങ്ങളിൽ കൂട്ടുകാരെ സഹായിക്കുന്നതിനും വിദേശസഞ്ചാരികളോട് ഔദാര്യം കാണിക്കുന്നതിനും സർവ്വോപരി പരേതരോട് കരുണ കാണിക്കുന്നതിനും സഖ്യാംഗങ്ങൾ ജാഗരൂകരായിരുന്നു.

സംഖ്യാധിക്യം നിമിത്തം 1706 മാർച്ച് 6-ാംനു- യുവ തൊഴിലാളികളുടേതു്, വിവാഹിതരുടേതു്—എന്നിങ്ങനെ ഈ സഖ്യത്തെ രണ്ടായി വിഭജിക്കേണ്ടിവന്നു.

## വനിതാസഖ്യതകൾ

1751-ൽ കന്യകാംബികയുടെ ജന്മനക്ഷത്രമായ സെപ്റ്റംബർ 8-ാംനു- പതിനാലാം ബനദിക്തോസ് മാർപ്പാപ്പതിരുമനസ്സുകൊണ്ടു് വനിതാസഖ്യതകളും പ്രീമ പ്രിമാരിയയോടു് സംഘടിപ്പിക്കുവാൻ അനുവാദം നൽകി. അര നൂററാണ്ടുകാലത്തോളം ഏററം പ്രശസ്തമായ വിധം സാമൂഹ്യസേവനവും പ്രേഷിതപ്രവർത്തനവും നടത്തിയിരുന്ന വനിതകളുടെ തീക്ഷ്ണത കണ്ടു് സംപ്രീതനായതിനാലാണ് പ. പിതാവു് ഈ അനുമതി കല്പിച്ചു നല്കിയതു്. 1705-ൽ ഫാദർ ജോൺ ക്രൊ ആഃസ മാഴ്സെയ്ൽസിൽ സ്ഥാപിച്ച വനിതാ സൊഡാലിററി ഇവയിൽ ഒന്നായിരുന്നു.

താഴെ പറയുന്നവയായിരുന്നു വനിതാസഖ്യാംഗങ്ങളുടെ അനുദിന ഭക്താഭ്യാസങ്ങൾ: രാവിലെ അരമണിക്കൂർ ധ്യാനം, ദിവ്യബലി, പ. ക. മറിയത്തിൻെറ ഒപ്പീസ്, ജപമാല, സന്ധ്യയ്ക്കു ദിവ്യകാരുണ്യസന്ദർശനം, അരമണിക്കൂർ ധ്യാനം, കാൽ മണിക്കൂർ ജ്ഞാനവായന, രാത്രിയിൽ നിദ്രയ്ക്കു മുമ്പായി ആത്മശോധന. കൂടാതെ മാസംതോറുമുള്ള ഒരു ദിവസത്തെ ഏകാന്തധ്യാനവും, നമ്മുടെ കർത്താവിൻെറയും മാതാവിൻെറയും തിരുനാളുകളിൽ ദിവ്യകാരുണ്യസ്വീകരണവും മാസാദ്യശനിയാഴ്ചകളിൽ പൊതുദിവ്യകാരുണ്യസ്വീകരണവും കർത്താവിൻെറ സ്വർഗ്ഗാരോഹണംമുതൽ പന്തക്കുസ്താതിരുനാൾവരെയുള്ള ദിവസങ്ങളിൽ വാർഷിക ഏകാന്തധ്യാനവും അവരുടെ അനുപേക്ഷണീയ ഭക്തകൃത്യങ്ങളായിരുന്നു.

സന്മാർഗ്ഗത്തിനു ഹാനികരമായേക്കാവുന്ന നാടകശാലകളിലും വിനോദരംഗങ്ങളിലും പോകുന്നതിനും അക്രൈസ്തവാഘോഷങ്ങളും കളികളും ദർശിക്കുന്നതിനും അവരനുവദിക്കപ്പെട്ടിരുന്നില്ല. കുടുംബസ്നേഹം, അനാവശ്യസഞ്ചാരനിരോധനം, വസ്ത്രധാരണത്തിലുള്ള ലാളിത്യം, ദുഃഖസങ്കടങ്ങളിൽ ദൈവതിരുമനസ്സിനു വിധേയത്വം, ഭർത്താക്കന്മാരോടു അനുസരണയും സേവനസന്നദ്ധതയും, സന്താനങ്ങളുടെ ക്രിസ്തീയവിദ്യാഭ്യാസം, സർവ്വോപരി അവരുടെ പുത്രികളിൽ വിനയവും പ്രശാന്തതയും പ്രോത്സാഹിപ്പിക്കുക—ഇവയായിരുന്നു ഈ സഖ്യാംഗങ്ങളുടെ പ്രത്യേകതകൾ.

എല്ലാ ശനിയാഴ്ചയും രോഗികൾക്കു ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊണ്ടുപോകുമ്പോൾ അനുഗമിക്കുവാൻ ഇവരിൽ നാലുപേർ നിയുക്തരായിരുന്നു. എട്ടുപേർ വീതം പട്ടണത്തിലുണ്ടായിരുന്ന നാലു ആശുപത്രികൾ സന്ദർശിച്ചുപോന്നു. കൊല്ലത്തിൽ രണ്ടു പ്രാവശ്യം (സകല വിശുദ്ധരുടെ തിരുനാളിലും ഉയർപ്പു ദിവസവും) ഇവരുടെ പരിപാടികളിൽ ഉൾപ്പെടുത്തിയിരുന്ന കൂട്ടമായുള്ള ജയിൽ സന്ദർശനം.

## അടിമകളുടെ സഖ്യത

"കന്യകാമറിയത്തിൻെറ അടിമത്തം" എന്ന പേരിൽ മെക്സിക്കൊയിലെ പേബ്ള (Puebla) പട്ടണത്തിലെ നീഗ്രോ അടിമകൾ ഒരു സൊഡാലിററി രൂപീകരിച്ചു. "ഹോളിഗോസ്റ്റ്" കോ

ളേജിലെ ഒരു ഉയന്ന ഗ്രെയിഡ് പണിക്കാരനായിരുന്ന ഇതിന്റെ പ്രീഫെക്റ്റ്. ഞായറാഴ്ചകളിലും മാതാവിന്റെ പ്രധാന തിരുനാളുകളിലും ദേവാലയത്തിൽ പോകുന്നതിനും സഖ്യതാപരിപാടികൾ അനുഷ്ഠിക്കുന്നതിനും അടിമയുടമകളുമായി ചെയ്ത ഒരുടമ്പടി സഹായകമായി. സഖ്യാംഗങ്ങളായ അടിമകൾ കൃത്യനിർവ്വഹണത്തിലും ആത്മാർത്ഥസ്നേഹത്തിലും വിധേയത്വത്തിലും വളരുന്നതുകൊണ്ട് സംപ്രീതരായ യജമാനന്മാർ ആവശ്യമായ എല്ലാ സൌകര്യങ്ങളും ഇവർക്കനുവദിച്ചുകൊടുത്തു. ചിലപ്പോഴെല്ലാം പ്രീഫെക്റ്ററിന്റെ നേതൃത്വത്തിൽ ഈ അടിമകൾ കാരാഗൃഹങ്ങളും ആതുരാലയങ്ങളും സന്ദർശിച്ച് അവർക്ക് പാടുള്ള സഹായങ്ങൾ ചെയ്തുപോന്നു. അടിമകളിൽത്തന്നെ വല്ലവരും ദീനത്തിലായാൽ പ്രത്യേക ശ്രദ്ധയോടെ ശുശ്രൂഷിച്ചാശ്വസിപ്പിക്കുകയും ആദ്ധ്യാത്മിക സഹായങ്ങൾ ലഭിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്തിരുന്നു. ഈ സഖ്യതയും ഇതുപോലെ ചില്ലി, പരാഗ്വെ എന്നീ രാജ്യങ്ങളിലുണ്ടായിരുന്നവയും 1767_ൽ ഈശോസഭ അവിടങ്ങളിൽ നിരത്തലാക്കപ്പെട്ടതുവരെ ഊർജ്ജിതമായി പ്രവർത്തിച്ചിരുന്നു.

## സാമുദായിക സേവനം

മനുഷ്യസമുദായത്തിൽ ക്രിസ്തുവിനു നഷ്ടപ്പെട്ട സ്ഥാനം പുനഃസ്ഥാപിക്കാൻ മരിയാസഖ്യം ചെയ്തിട്ടുള്ള പ്രശസ്തസേവനങ്ങൾ ഇതുവരെ പ്രസ്താവിച്ച ചരിത്രം വ്യക്തമാക്കുന്നുണ്ട്. സഖ്യതാപ്രവർത്തനം മന്ദീഭവിച്ച ഇടക്കാലത്ത് (1808_ൽ) ഫ്രാൻസിലെ കർദ്ദിനാൾ ഡി ബോസെ (De Bausset) അദ്ദേഹത്തിന്റെ ഹൃദയവേദന പ്രകടമാക്കുന്നതു ശ്രവിച്ചാലും: "വമ്പിച്ച വ്യവസായകേന്ദ്രങ്ങളിൽ മരിയാസഖ്യം പ്രവർത്തിച്ചിരുന്ന കാലത്തെപ്പോലെ ക്രമവും സമാധാനവും ഒരു കാലത്തും ഉണ്ടായിട്ടില്ല. നീതിയും മര്യാദയും അപ്രകാരം തന്നെ. വിദഗ്ദ്ധന്മാരും നയശാലികളുമായ ഈശോസഭക്കാർക്ക് ഏതു വ്യവസായത്തോടും മരിയാസഖ്യജീവിതപരിപാടി സംയോജിപ്പിക്കുന്നതിനറിയാമായിരുന്നു. സാമ്രാജ്യപുരോഗതിക്കും കുടുംബസമാധാനത്തിനും നിദാനമായ വിവേകപൂർണ്ണമായ സമ്പത്തികവ്യവസ്ഥിതിയും ക്രമപാലനചൈതന്യവും സാധാരണജീവിതത്തിലെ സന്മാർഗ്ഗനിലവാരവും സംരക്ഷിക്കുവാൻ കഴിവുള്ളതായിരുന്നു മരിയാസഖ്യം............"

# അദ്ധ്യായം 3.

# അഗ്നിപരീക്ഷണം

## (1773—1824)

പ്രോട്ടസ്റ്റന്റുകാർക്കെതിരായി സഭാസംരക്ഷണം നടത്തിയതും അധഃപതിച്ച പാഷണ്ഡികളെ ഉദ്ധരിക്കാൻ ശ്രമിച്ചതും സഖ്യതയ്ക്കു് നിരവധി ഉഗ്രവൈരികൾ ഉണ്ടാകുന്നതിന്നിടയാക്കി.

17-ാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ മറെറാരു ശത്രുക്കൂടെ ശിരസ്സുയർത്തി. ഇതു് സഭയ്ക്കകത്തും. ജാൻസനിസ്റ്റുസ് എന്നറിയപ്പെട്ടുന്ന ഒരു കൂട്ടം അതിരുകടന്ന ഭക്തിക്കാർ, മനുഷ്യർ ദൈവസന്നിധിയിൽ തീർത്തും അയോഗ്യരാകയാൽ ദിവ്യകാരുണ്യസ്വീകരണം പെസഹാക്കാലത്തുപോലും നടത്താൻ പാടില്ലെന്ന സിദ്ധാന്തം ബലംപ്രയോഗിച്ചുകൂടെയും നടപ്പിലാക്കാൻ തുടങ്ങി. കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം സ്വജീവിതത്തിലെ പരമപ്രധാന പ്രവൃത്തിയായി സ്വീകരിച്ചുപോന്ന സഖ്യാംശത്തിനു് ജാൻസനിസ്റ്റുകാരനുമായി ഉഗ്രപോരാട്ടംതന്നെ നടത്തേണ്ടിവന്നു.

ഫ്രാൻസിലെ ലൂയീസ് 14-ാമന്റെ കാലത്തു് സൈനികോദ്യോഗസ്ഥന്മാർ മിലിട്ടറി സൊഡാലിററിയിലേയ്ക്കു് നിരവധി പേരെ ചേർത്തു. എന്നാൽ അദ്ദേഹത്തിന്റെ മരണാനന്തരം രാജ്യഭരണം ഏറെറടുത്ത റീജന്റ് റാണിയെക്കൊണ്ടു് മിലിട്ടറി സൊഡാലിററി മുഴുവനും നിറുത്തലാക്കുന്ന ഒരു വിളംബരം പ്രസിദ്ധം ചെയ്യിക്കാൻ വ്യാജറിപ്പോർട്ടുകളും രേഖകളും മൂലം ശത്രുക്കൾക്ക സാധിച്ചു. തുടർന്നു് മിലിട്ടറി മാത്രമല്ലാ, എല്ലാ സഖ്യതകളേയും ഉന്മൂലനം ചെയ്യുന്നതിനുള്ള ശ്രമം നിശിതമായും ഊർജ്ജിതമായും ഇവർ നടത്തിക്കൊണ്ടിരുന്നു. 18-ാം നൂററാണ്ടിലെ വൈദികവിദ്വേഷികളും ശത്രുസമൂഹത്തിലണിനിരന്നു.

എന്നാൽ തിരുസ്സഭാമാതാവു് സഖ്യതാസേവനങ്ങളെ സുവ്യക്തമായി ദർശിച്ചു. തിരുസഭാദ്ധ്യക്ഷന്മാർ അവകളെ പ്രകീർത്തിക്കാനും അനുഗ്രഹാശിസ്സുകളാൽ സമ്പന്നമാക്കാനും തയ്യാറായി. ഇങ്ങനെ 1748 സെപ്റ്റംബർ 27-ാം തിയതി 14-ാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "ഗ്ലോറിയോസെ ദോമിനെ" (മഹത്വ

പൂർണ്ണമായ നാഥയുടെ) എന്നാരംഭിക്കുന്ന ആഗോള പ്രശസ്തിയാർജ്ജിച്ച ചാക്രികലേഖനദ്വാരാ മരിയൻ സഖ്യതയുടെ അതുല്യനേട്ടങ്ങളെ പ്രകീർത്തിക്കാനും അത്യത്ഭുതാവഹങ്ങളായ ദണ്ഡവിമോചനാനുകൂല്യങ്ങളാൽ അനുഗ്രഹിക്കാനും തിരുവുള്ളമുണ്ടായി.

ജാൻസനിസ്റ്റുകാരുടെ വൈരാഗ്യത്തിന് ഇതുകൊണ്ടും ശമനം വന്നില്ല. പന്ത്രണ്ടു നീണ്ട കൊല്ലത്തെ അവിശ്രമപരിശ്രമഫലമായി ലൗകികാധികാരികൾ വഴി 1760-ൽ ഫ്രാൻസിലും, വിനാവിളംബം സ്പെയിനിലും പോർച്ചുഗലിലും സഖ്യതാപ്രസ്ഥാനം നിരോധിക്കുന്നതിന് അവർക്കു കഴിഞ്ഞു.

റോമാ തിരുസിംഹാസനത്തിൽനിന്നുള്ള സ്വരം വീണ്ടും സഭാന്തരീക്ഷത്തിൽ ശ്രവണസാദ്ധ്യമായി. 13-ാം ക്ലെമെൻറ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് 1765- ജനുവരി ഏഴാം തീയതി പ്രസിദ്ധീകരിച്ച "അപ്പസ്തോലിക്കം" എന്ന വിശ്വലേഖനം സഖ്യതയെപ്പററി ശത്രുക്കളുന്നയിച്ച ആരോപണങ്ങളുടെ പൊള്ളത്തരം തുറന്നു കാട്ടുകതന്നെ ചെയ്തു. അവിടത്തെ മുൻഗാമികൾ നൽകിയ സകല ആനുകൂല്യങ്ങളും തിരുമേനി ആവർത്തിച്ചുറപ്പിക്കുകയാണുണ്ടായത്.

എന്നിട്ടും നിലച്ചില്ല ശത്രുമുന്നേററം. സ്പെയിൻ, പോർച്ചുഗൽ, ഫ്രാൻസ്, ഇററലി എന്നീ രാജ്യങ്ങളിലെ വൈദികവിദ്വേഷികളായ ഭരണമേധാവികളെ ഒന്നിച്ചണിനിരത്തി തിരുസിംഹാസനാദ്ധ്യക്ഷ (14-ാം ക്ലെമൻറ്) ൻെറമേൽ കഠിന സമ്മർദ്ദം ചെലുത്തി സഖ്യതാസ്ഥാപകയായ ഈശോസഭയെത്തന്നെ നിറുത്തലാക്കുന്ന ഒരു കല്പന ഇവർ വിളംബരം ചെയ്യിച്ചു. അതോടൊന്നിച്ച് ഈശോസഭയോട് ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും പ്രവൃത്തനങ്ങളും സ്തംഭനാവസ്ഥയിലായി. ഇങ്ങനെ ഈശോസഭാജനറാളിൽ നിക്ഷിപ്തമായിരുന്ന എല്ലാവക അധികാരാവകാശങ്ങളും പ്രത്യേകാനുകൂല്യങ്ങളും പിൻവലിക്കപ്പെടുകയോ റദ്ദാക്കപ്പെടുകയോ ഉണ്ടായി.

ഈശോസഭക്കാരുടേതോ അവരാൽ നിയന്ത്രിക്കപ്പെട്ടിരുന്നതോ ആയ സ്ഥാപനങ്ങളിലെ സഖ്യതകൾ മാത്രമേ 'പ്രീമ പ്രിമാരിയ'യോട് സംഘടിപ്പിക്കുവാൻ പാടുണ്ടായിരുന്നുള്ളു എന്നതിനാലും ഈശോസഭാജനറാളിനു മാത്രമേ ഈ സംയോജനം നടത്തുവാൻ അ

ധികാരം ഉണ്ടായിരുന്നുള്ളൂ എന്നതിനാലും ഭാവിയിൽ പുതിയ സഖ്യതകൾ സ്ഥാപിക്കുവാനോ, സംഘടിപ്പിക്കുവാനോ സാദ്ധ്യമല്ലെന്നായി. ചുരുക്കത്തിൽ ഈശോസഭ നിറുത്തലാക്കപ്പെട്ടതോടെ മരിയാസഖ്യവും നാമാവശേഷമായി എന്ന സ്ഥിതിയിലെത്തിച്ചേർന്നു.

എന്നാൽ അനന്തകാരുണ്യവാനായ ദൈവത്തിൻെറ നിഗൂഢ പരിപാലനയിൽ മരിയാസഖ്യം ഈശോസഭയെ അതിജീവിക്കണമെന്നായിരുന്നു തീരുമാനം.

## പുനരുസ്ഥാപനം

ഭൗതികശക്തികളുടെ സമ്മർദ്ദത്തിനു് വഴങ്ങി ഈശോസഭ നിറുത്തലാക്കുന്നതിനുള്ള കല്പനയിൽ ഒപ്പുവെച്ച 14-ാം ക്ലെമെൻറ് മാർപ്പാപ്പതന്നെ നാലാം മാസത്തിൽ "കൊമെന്തത്തീസ്സിമും" (ഏററം ശ്ലാഘനീയം) എന്നാരംഭിക്കുന്ന തിരുവെഴുത്തുമുഖേന മരിയാസഖ്യപ്രവർത്തനം തുടരുന്നതിനുള്ള വ്യവസ്ഥകൾ നിർണ്ണയിക്കുകയും മൂന്നു് ശക്തിനാളന്മാരടങ്ങിയ ഒരു സംഘത്തെ പ്രസ്തുത ഭാരം ഏല്പിക്കുകയും ചെയ്തു. തിരുമേനി അരുളിച്ചെയ്യുന്നു: "റോമൻ കോളേജിലെ വിദ്യാർത്ഥികൾക്കും അവരുടെ ഇടയിൽ പരിലസിച്ചിരുന്ന മരിയാസഖ്യത്തിനും നമ്മുടെ മുൻഗാമികളായ റോമാ മാർപ്പാപ്പമാർ കല്പിച്ചനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ദണ്ഡവിമോചനങ്ങളും വരങ്ങളും പ്രത്യേക ദാനങ്ങളും, തുല്യന്യായത്താലും അറിവോടും അധികാരപൂർണ്ണതയോടും കൂടി അംഗീകരിക്കുകയും ഉറപ്പിക്കുകയും ആവശ്യമെങ്കിൽ വീണ്ടും കല്പിച്ചു് ഉത്തരവിടുകയും ചെയ്യുന്നു."

അന്നുവരെ ഉണ്ടായിരുന്ന സഖ്യതകൾ മേല്പറഞ്ഞ കല്പനയാൽ ഉദ്ധരിക്കപ്പെട്ടു. എന്നാൽ എങ്ങനെ, എവിടെ, ആർവഴിയായി പുതിയ സഖ്യതകൾ സമാരംഭിക്കപ്പെടാം, സംയോജിപ്പിക്കപ്പെടാം എന്നുള്ള കാര്യങ്ങൾ അവ്യക്തമായി അവശേഷിച്ചു.

പതിനാലാം ക്ലെമെൻറ് മാർപ്പാപ്പയുടെ പിൻഗാമിയായ പിയൂസ് ആറാമൻ 1775_മെയ് 2_ാം തിയതി റോമാ രൂപതയുടെ അത്യുന്നത ശക്തിനാൾ വികാരിയെ ഇക്കാര്യങ്ങളെല്ലാം നടത്തുന്നതിനു് അധികാരപ്പെടുത്തി. സംയോജനത്തിനുള്ള അധികാരം കുറെ

കഴിഞ്ഞ് പ്രീമ പ്രീമാരിയായുടെ ഡയറക്ടറച്ചനേയും അവസാനമായി 1824_ൽ 12_ാം ലെയോൻ മാർപ്പാപ്പയുടെ കല്പനപ്രകാരം ഈശോസഭയുടെ ജനറാളിനേയും ഏല്പിക്കുകയും ചെയ്തു.

ഈശോസഭയുടെ അഭാവത്തിൽ രൂപതാദ്ധ്യക്ഷന്മാരും ഇടവക വൈദികരും സഖ്യതാപ്രവത്തനം ആവതും സജീവമാക്കുന്നതിനു ശ്രമിച്ചിരുന്നു. ഇൻഗൾസ്റ്റാഡ് (1775), ബ്രസൽസ് (1780), പൊളോക്ക് (1794), ബെർഗാമൊ (1795), വെനീസ് (1802)_ എന്നീ സ്ഥലങ്ങളിൽ സഖ്യതാസംബന്ധമായി പുതിയ നിയമാവലികളും ജപപ്പുസ്തകങ്ങളും പ്രസിദ്ധീകൃതമായി.

ഈശോസഭ നിരുത്തലാക്കുന്നതുസംബന്ധിച്ചുണ്ടായ അസുഖസംഭവങ്ങൾക്കിടയിൽ റോമൻ കോളേജിലെ 'പ്രീമ പ്രീമാരിയ' സ്ഥാപിച്ച മംഗലവാർത്താനാമധേയത്തിലുള്ള കപ്പേള മാത്രം അഭംഗം സംരക്ഷിക്കപ്പെട്ടു. ആൻറണി പിറെറൻ എന്ന ഏററം ഭക്തനായ ഒരു വൈദികനിലാണ് അതിൻെറ സംരക്ഷണഭാരം അർപ്പിക്കപ്പെട്ടതു്. അദ്ദേഹത്തിൻെറ സമത്ഥമായ നേതൃത്വത്തിൽ "എല്ലാ സഖ്യതകളുടേയും മാതാവും ശിരസ്സും" എന്ന സ്ഥാനം "പ്രീമ പ്രീമാരിയ" സഖ്യത അന്യൂനം പാലിച്ചുപോന്നു.

ആസ്ട്രിയായിലെ പ്രിൻസ്–എലെക്ക്ററർ ആയ മാക്സ്മില്യൻ തൃതിയൻെറ അപേക്ഷപ്രകാരം 14_ാം ക്ലെമെൻറ് മാർപ്പാപ്പ ഒരു പ്രത്യേക തിരുവെഴുത്തുമുഖേന ബവേറിയായിലെ ട്രെയ്സിജെൻ രൂപതയിലുണ്ടായിരുന്ന എട്ട് മരിയാസഖ്യങ്ങളെ അംഗീകരിച്ചുറപ്പിച്ചു. 19_ാം നൂററാണ്ടിൻെറ ആരംഭത്തിൽ മ്യൂണിച്ചിൽ 575 വൈദികരുൾപ്പെടെ 1230 അംഗങ്ങൾ ഉള്ള ഒരു സഖ്യതയുണ്ടായിരുന്നു.

ഫ്രഞ്ചു് വിപ്ലവഘട്ടം, അതിനു ശേഷമുണ്ടായ കോൺസുലേററു് ഭരണം, ചക്രവത്തികളുടെ കാലം — ഇവയിലെല്ലാം ഫ്രാൻസിലെ സഖ്യതകൾക്കു് അതിദാരുണമായ ദണ്ഡനങ്ങൾ സഹിക്കേണ്ടിവന്നു. എന്നാൽ പ്രവത്തനനിരതമായ എൺപതോളം സഖ്യതകൾ ഇവയെല്ലാം അതിജീവിച്ചു. അവയിൽ രണ്ടെണ്ണം പ്രസ്താവയോഗ്യങ്ങളാണ്.

# ഫാദർ ഷെമിനാഡ്

1689_ൽ യുവതൊഴിലാളികൾക്കായി ബോർഡൊയിൽ ഒരു സഖ്യതയാരംഭിച്ചു. 1765_ൽ ഇതു് കപ്പൂച്ചിൻ സഭക്കാരായ വൈദികരെ ഏല്പിച്ചു. ഫ്രഞ്ചു് വിപ്ലവം കൊടുംപിരികൊണ്ടിരുന്ന കാലത്തുപോലും ഇവർ സഖ്യതാജീവിതം സുധീരം നയിച്ചുപോന്നു. 1801_ൽ ബോർഡൊ പട്ടണമാസകലമുള്ള മരിയാസഖ്യങ്ങൾ ഫാ. ഷെമിനാഡ് നവീകരിച്ചു. വിസ്താരമേറിയ ഒരു മുറി വാടകയ്ക്കെടുത്തു് അതൊരു കപ്പേളയായി രൂപാന്തരപ്പെടുത്തി. അചഞ്ചലചിത്തരും സേവനസന്നദ്ധരുമായ 12 യുവാക്കന്മാരെ അദ്ദേഹം (ഫെബ്രുവരി 2_ാംനു) സഖ്യതയിൽ സ്വീകരിച്ചു: രണ്ടു് അദ്ധ്യാപകന്മാർ, നലു് വിദ്യാർത്ഥികൾ, മൂന്നു് കോളർ പണിക്കാർ, മൂന്നു് സാധാരണ തൊഴിലാളികൾ. ഏതാനും വൈദികരും കുറെ കഴിഞ്ഞു് ഈ സഖ്യതയിൽ ചേരുകയുണ്ടായി. പ്രായപൂർത്തിവന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും യുവതികൾക്കും വേണ്ടിയുള്ള സഖ്യതകൾ കാലാന്തരത്തിൽ സമാരംഭിക്കപ്പെട്ടു. ബോർഡൊയിലും തെക്കുപടിഞ്ഞാറെ ഫ്രാൻസിലും വിശ്വാസസംരക്ഷണ ശക്തികേന്ദ്രങ്ങളായിരുന്നു പ്രസ്തുത സഖ്യതകൾ. പരോഗമനപരമായ എല്ലാ കാര്യങ്ങളും സഖ്യതാംഗങ്ങളുടെ ഭാരവാഹിത്വത്തിലായിരുന്നു നിർവ്വഹിക്കപ്പെട്ടിരുന്നതു്. വൈദികാന്തസ്സിലേയ്ക്കും സന്യാസ സഭകളിലേയ്ക്കും ഉള്ള ദൈവാഹ്വാനത്തിന്റെ നികേതങ്ങളായിരുന്നു ഈ സഖ്യതകൾ. 1816_ൽ "അമലോത്ഭവമാതാവിന്റെ പുത്രികൾ" എന്നും, 1817_ൽ "മരിയൻ സംഘം" എന്നും പേരായി രണ്ടു സന്യാസിനീസംഘങ്ങൾ സ്ഥാപിതമായതു് ഫാദർ ഷെമിനാഡിന്റെ സഖ്യതകളിൽ നിന്നായിരുന്നു.

# പാരീസ്

ഫാദർ ഷെമിനാഡ് ബോർഡൊയിൽ യുവജനസഖ്യത ആരംഭിച്ച ദിവസംതന്നെ (1801 ഫെബ്രുവരി 2_ാംനു) ഒരു പൂർവ്വ ഈശോസഭാംഗമായിരുന്ന കാനൺ ഡെൽപ്യൂയി (Cannon Del-puito) ആറു മെഡിക്കൽ വിദ്യാർത്ഥികളെ ചേർത്തു് ഒരു സഖ്യത ആരംഭിച്ചു. ഇതിന്റെ പ്രാഥമികാഭിധാനം "ക്രിസ്ത്യാനികളുടെ സഹായം" എന്നായിരുന്നു.

അത്യത്ഭുതകരമായവിധം വളർച്ച പ്രാപിച്ച ഈ സഖ്യത ഫ്ര്റാൻസിലെ മററേതു സഖ്യതയേക്കാറം മതവിരോധികളുടെ ഉഗ്ര കോപത്തിനു് ഇരയായിത്തീന്നതിൽ വിസ്മയത്തിനവകാശമില്ല ല്ലൊ. ഫ്റാൻസു രാജ്യം മുഴവനിലും തങ്ങറക്കെതിരായി അജയ്യമായ ഒരു പ്രതിരോധനിര ഇവർ സൃഷ്ടിച്ചതായി സഭാവൈരികറം പരാതി പറഞ്ഞിരുന്നു. ശത്രുസമൂഹത്തിൻെറ നശീകര പ്രവത്തനങ്ങളുടെ പ്രഥമ പ്രഹരമേററിരുന്നതു് ഇവക്കാണു്. 7_ാം പീയൂസ് മാർപ്പാപ്പ 1805 ജൂലൈ 14_ാം തീയതി, നെപ്പോളിയൻ അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നതിനു് രണ്ടു ദിവസം മുമ്പു്, ഈ സഖ്യതക്കു് അസുലഭങ്ങളായ ഏതാനും ദണ്ഡവിമോചനങ്ങറം കല്പിച്ചു നല്കുകയും ഫ്രാൻസിലെ എല്ലാ സഖ്യതകളും ദണ്ഡവിമോചനാനുകൂല്യലബ്ധിക്കായി ഇതിനോടു സംയോജിപ്പിക്കണമെന്നു് നിശ്ചയിക്കുകയും ചെയ്തു.

## ഈശോസഭക്കാരുടെ നിയന്ത്രണത്തിൽ അല്ലാത്ത സഖ്യതകറം

1773–നു മുമ്പു് ഇത്തരം സഖ്യതകറം വളരെ വിരളമായിരുന്നു. ഐർലണ്ടിലുണ്ടായിരുന്ന ഇത്തരം ഒന്നുരണ്ടു സഖ്യതകറം 1617_ലും 1619_ലും പ്രീമ പ്രിമാരിയയോടു് സംയോജിപ്പിച്ചതിൻെറ സാക്ഷിപത്രം ഇന്നും ഡബ്ളിനിൽ സൂക്ഷിച്ചിട്ടുണ്ടു്..

1775_ൽ റോമിലെ അത്യുന്നത കർദ്ദിനാറംവികാരിക്കു് ലോകത്തിൽ ഏതു സ്ഥലത്തും ഉള്ള എല്ലാതരം സഖ്യതകളും പ്രീമ പ്രിമാരിയയോടു് സംഘടിപ്പിക്കാനുള്ള അധികാരം നല്കപ്പെട്ടിരുന്നു. ഏതാനും മാസങ്ങറക്കു ശേഷം പ്രസ്തുത അധികാരം വിദ്യാലയങ്ങളെ മാത്രം സ്പർശിക്കുന്നതായി പരിമിതപ്പെടുത്തി. 1775 മുതൽ 1778 വരെയുള്ള കാലാവധിയിൽ വിദ്യാലയങ്ങളിലേതല്ലാത്തവയെ സംയോജിപ്പിക്കുവാനുള്ള അധികാരം ദണ്ഡവിമോചനങ്ങളുടെ തിരുസംഘാദ്ധ്യക്ഷനെ ഏല്പിച്ചു. പിന്നീടു് 1824_ൽ ഈശോസഭാജനറാളിൽ ഈ അധികാരം നിക്ഷിപ്തമാകുന്നതുവരെ പ്രീമ പ്രിമാരിയയുടെ ഡയറക്ടറച്ചനായിരുന്നു അതു കൈകാര്യം ചെയ്തിരുന്നതു്.

സഖ്യതാപ്രവൎത്തനമാന്ദ്യത്തിൽ നിന്നു് ഉളവായ ഭവിഷ്യത്തുകളെ ഫ്റഞ്ചു് ഗ്രന്ഥകാരനായ ലമെനയ് (Lamennais) ഇപ്രകാരം വിവരിക്കുന്നു: "ഏററം സമൎത്ഥമായ രീതിയിൽ മരിയാസഖ്യപ്രസ്ഥാനം നടത്തിക്കൊണ്ടു പോന്നിരുന്ന ഈശോസഭയുടെ തിരോധാനത്തോടെ സഖ്യതയും നിരുന്മേഷപരമായി. തന്മൂലം കഴിഞ്ഞ പതിനെട്ടു കൊല്ലത്തിനിടകൊണ്ടു് വാൎഷികപാപസങ്കീൎത്തനകടമ നിറവേററുന്ന കത്തോലിക്കരുടെ സംഖ്യ അമ്പതു ശതമാനം കുറഞ്ഞുപോയിട്ടുണ്ടു്. ഇക്കാരണത്താൽത്തന്നെ ഭക്താഭ്യാസങ്ങളിൽ ജനങ്ങൾക്കുള്ള താല്പൎയ്യം വളരെ മന്ദീഭവിച്ചു. ദിവ്യകാരുണ്യ സന്ദൎശനം, ദിവ്യബലിയിൽ സംബന്ധിക്കുക, കുടുംബപ്രാൎത്ഥന എന്നിവ വളരെ വിരളമായിത്തീൎന്നു. വിശ്വാസരാഹിത്യത്തിൻെറ അനിഷേധ്യ തെളിവുകൾ സൎവ്വത്ര പ്രത്യക്ഷമായി."

## അദ്ധ്യായം 4

# മരിയാസഖ്യത്തിൻെറ പ്രചുരപ്രചാരം

ഈശോസഭ 1814_ൽ പുനഃസ്ഥാപിക്കപ്പെട്ടു. പത്തു കൊല്ലത്തിനുശേഷം റോമൻ കോളേജ് അവൎക്കു ലഭിച്ചു. അതോടെ പ്രീമ പ്രിമാരിയയുടെ ഭരണഭാരവും സഖ്യതാസംയോജനാധികാരവും ഈശോസഭാ ജനറാളിനു് നൽകപ്പെട്ടു. 1825 മാൎച്ച് 7_ാം തീയതി 12_ാം ലിയോ മാൎപ്പാപ്പ ഈശോസഭക്കാരുടേതല്ലാത്ത (മെത്രാന്മാർ സ്ഥാപിക്കുന്ന) സഖ്യതകൾ പ്രീമ പ്രിമാരിയയോടു സംഘടിപ്പിക്കുവാനുള്ള അധികാരം ഈശോസഭാജനറാളിനു നൽകി.

പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ സഖ്യതയുടെ വളൎച്ചയ്ക്കു് കുറെ വിഘാതം നേരിട്ടു. രണ്ടു കൂട്ടരാണതിനു് ഹേതുഭൂതർ. വൈദിക വിദ്വേഷികളും ജാൻസനിസ്റ്റുകാരും. ആദ്യത്തെ കൂട്ടർ മരിയാസഖ്യം വെറും ബാലിശഭക്തിക്കാരായ മുത്തിമാരുടേയും കുട്ടികളുടേയും പ്രസ്ഥാനമായി താറടിച്ചുകാണിക്കാൻ ബദ്ധകങ്കണരായിരുന്നു. ഉന്മൂലനാശത്തിനിരയായി എന്നു് അവർ വ്യാമോഹിച്ചിരുന്ന സഖ്യതകൾ നിരീശ്വരപ്രസ്ഥാനങ്ങൾക്കെതിരായി അണിനിരത്തിയ പ്രതിരോധങ്ങൾ അവൎക്കു് തീരത്തും അസഹ്യമായിരുന്നു. അടുത്തടുത്തുള്ള ദിവ്യകാരുണ്യസ്വീകരണം പ്രോത്സാഹിപ്പിച്ചിരുന്ന മരിയാസഖ്യങ്ങൾ വഞ്ചനാത്മകമായ വിനയം പ്രസംഗി

ച്ചിരുന്ന ജാൻസനിസ്റ്റ്കാരനു് പൊറുക്കാനാവാത്ത മാരണമായതിൽ അത്ഭുതപ്പെടാനില്ലല്ലോ.

1905_ൽ വി. പത്താം പീയൂസ് മാർപ്പാപ്പയുടെ അനുദിന ദിവ്യകാരുണ്യസ്വീകരണത്തെപ്പററിയുള്ള തിരുവെഴുത്തു് പ്രസിദ്ധീകൃതമായതോടെ ഈ രണ്ടു കൂട്ടരും ശാശ്വതമായി തിരോധാനം ചെയ്തു മട്ടിലായി.

അനുദിന ദിവ്യകാരുണ്യ സ്വീകരണം അംഗീകൃതമായതോടൊപ്പംതന്നെ ലോകമാസകലമുള്ള മരിയസഖ്യാംഗങ്ങൾക്കു് പരിപൂർണ്ണമായ പ്രതിഷ്ഠാജിവിതത്തിനു പ്രചോദനം നൽകിക്കൊണ്ടു് ഈശോസഭാജനറാൾ ഒരു ആഹ്വാനം നൽകി. പ്രസ്തുത ആഹ്വാനം പ്രയോഗത്തിലാക്കുവാൻ 1910—ൽ മിക്കവാറും എല്ലാ രാജ്യങ്ങളിലും ദേശീയ കേന്ദ്ര ആപ്പീസുകൾ പ്രവൎത്തനമാരംഭിച്ചു. സഖ്യതാസേവനം ജീവിതത്തിലെ പ്രധാന ലക്ഷ്യമായി വരിച്ചിട്ടുള്ള പണ്ഡിതന്മാർ ഈ ആപ്പീസുകളിൽ നിയമിതരായി. ഇവർവഴി സഖ്യതയുടെ പരമപ്രധാന ഘടകങ്ങളായ വിശുദ്ധീകരണമാൎഗ്ഗങ്ങളും പ്രേഷിത പ്രവൎത്തനരംഗങ്ങളും ലോകം മുഴുവനും അറിയിച്ചുകൊണ്ടിരിക്കുന്നു.

ഈശോസഭക്കാരുടെ സ്ഥാപനങ്ങൾക്കു പുറമെയും സഖ്യതകൾ സ്ഥാപിക്കാനും പ്രീമ പ്രിമാരിയയോടു സംയോജിപ്പിക്കാനും 12_ാം ലിയോ മാർപ്പാപ്പ നൽകിയ അനുവാദം സഖ്യതാപ്രവൎത്തനവികാസത്തിനു് അന്യാദൃശമായ ഒരവസരം പ്രദാനം ചെയ്തു. താഴെ കുറിക്കുന്ന കണക്കു് ഈ വസ്തുത വ്യക്തമാക്കുന്നു.

| കാലാവധി | കൊല്ലം | സംയോജിപ്പിച്ച സഖ്യതകൾ | ഒരു കൊല്ലം ശരാശരി |
|---|---|---|---|
| 1585_1824 | 239 | 2476 | 10 |
| 1825_1854 | 29 | 3149 | 108 |
| 1855_1903 | 48 | 20869 | 426 |
| 1904_1928 | 24 | 25725 | 1029 |
| 1929_1950 | 21 | 22305 | 1014 |

ലോകമാസകലമുള്ള മരിയാസഖ്യങ്ങളിൽ അഞ്ച് ശതമാനം മാത്രമേ ഇന്ന് ഈശോസഭക്കാരുടെ അധീനതയിലുള്ളു. നിലവിലുള്ള സഖ്യതകളിൽ 30 ശതമാനം പുരുഷന്മാർക്കുള്ളവയും 60 ശതമാനം സ്ത്രീകൾക്കുള്ളവയും ശേഷമുള്ളവ ഇരുകൂട്ടർക്കും കൂടിയുള്ളവയുമാണ്.

1950_ൽ യൂറോപ്പ്, തെക്കെ അമേരിക്ക, വടക്കേ അമേരിക്ക, ആഫ്രിക്കയിലെ മിഷൻപ്രദേശങ്ങൾ, അറേബിയ, സിലോൺ, ജപ്പാൻ, ഇൻഡ്യ, ആസ്ട്രേലിയ, ഇൻഡൊനേഷ്യ, ലെബനാൻ, ചൈനാ, വിയററ്നാം, ഫിലിപ്പൈൻ ദ്വീപുകൾ, ന്യൂസിലണ്ട് എന്നിങ്ങനെ ലോകത്തിലെ മിക്കരാജ്യങ്ങളിൽനിന്നും സഖ്യതകൾ പ്രിമ പ്രിമാരിയയോട് സംയോജിപ്പിച്ചിട്ടുണ്ട്.

## അദ്ധ്യായം 5.

## ആധുനിക കാലത്തെ സഖ്യതകൾ

### 1. ബർസെലോണ

1947_ഡിസംബറിൽ ബർസെലോണ നഗരത്തിൽ വെച്ച് നടത്തപ്പെട്ട ഇൻറർ നാഷണൽ സൊഡാലിററി കോൺഗ്രസ്സിലേക്ക് 12_ാം പീയൂസ് മാർപ്പാപ്പ പ്രക്ഷേപണംചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "ബർസെലോണയിലെ മാതൃകാസഖ്യതയുടെ പാർശ്വത്തിലേയ്ക്ക് നിങ്ങൾ ആനീതരായിരിക്കുന്ന വസ്തുത നമ്മിൽ എന്തെന്നില്ലാത്ത സന്തോഷവും സംതൃപ്തിയും ഉളവാക്കുന്നു. സജീവമായ ആദ്ധ്യാത്മികത്വത്തിൻേറയും കാര്യക്ഷമമായ പ്രേഷിതപ്രവർത്തനത്തിൻേറയും ഉത്തമ മാതൃകയാണ് ഈ സഖ്യത. മരിയൻ സൊഡാലിററയുടെ പ്രോജ്ജ്വലമായ കമ്മപരിപാടി പ്രായോഗികമാക്കുന്നതിനു് അചഞ്ചല മനോശരണത്തോടു കൂടിയുള്ള ഡിറെക്ടർമാരുടെ നിസ്തന്ദ്രമായ പരിശ്രമങ്ങൾക്ക് ദൈവത്തിൻെറ കൃപാവരത്താലും കന്യകാംബികയുടെ കാരുണ്യത്താലും നേടാൻ സാധിച്ചിട്ടുള്ളതും സാധിക്കാവുന്നതുമായ വിജയങ്ങൾക്ക് ഒരു മകുടോദാഹരണമാണ് ഈ സഖ്യത......"

സ്പെയിൻ രാജ്യത്തു് ആദ്യമായി 1577-ൽ ബർസെലോണ പട്ടണത്തിൽ മരിയാസഖ്യം സ്ഥാപിതമായി. അചിരേണ വിദ്യാത്ഥികൾക്കും വിവാഹിതക്കും വൈദികക്കും സഖ്യതകൾ രൂപീകൃതമാകുകയും കാലാനുസൃതമായ പ്രവത്തനങ്ങൾ നടത്തിപ്പോരുകയും ചെയ്തിരുന്നു. എന്നാൽ 18_ാം നൂററാണ്ടിൽ ഈശോസഭ നിരത്തലാക്കപ്പെട്ടതോടെ ഇവയും അപ്രത്യക്ഷമാകയാണുണ്ടായതു്. ആധുനികകാലത്തെ സഖ്യതാപ്രവത്തകരിൽ അഗ്രിമസ്ഥാനം വഹിക്കുന്ന ഫാദർ അലോഷ്യസ് ഫിററററിൻെറ നേതൃത്വത്തിൽ ബർസെലോണയിലെ സഖ്യത പുന:സ്ഥാപിക്കപ്പെട്ടുകയും കഴിഞ്ഞ 60 കൊല്ലത്തോളം ഭുവനപ്രശസ്തിയാജ്ജിച്ച് വിരാജിക്കുകയും ചെയ്യുന്നു. 1950_ൽ ഈ സഖ്യതയ്ക്കു് 919 സജീവാംഗങ്ങളും 420 അനുഭാവാംഗങ്ങളും ഉണ്ടായിരുന്നു. 1038 പേർ സന്യാസ_വൈദികാന്തസ്സുകൾ ആശ്ലേഷിച്ചതിനാലോ ജോലിസംബന്ധമായ സ്ഥലംമാററത്താലോ ഇതിൽനിന്നു് വിട്ടുപോയിട്ടുണ്ടു്. കൂടാതെ 533 സംരക്ഷകരും (Protectors) ഇതിനുണ്ടു്. സജീവപ്രവത്തകരായിരിക്കാൻ ഔദ്യോഗികനില അനുവദിക്കാത്തതിനാൽ ഇവർ നിയമപരവും ആദർശപരവും സാമ്പത്തികവുമായ സഹായങ്ങൾ അഭിമാനപൂവ്വം നൽകിക്കൊണ്ടിരിക്കുന്നു.

1910_ൽ പ്രസിദ്ധീകൃതമായ പൊതു നിയമാവലി (Common Rules) യിലെ നിദ്ദേശങ്ങൾ എല്ലാവരും പാലിക്കണം. സ്വയം വിശുദ്ധീകരണത്തിലും പ്രേഷിതപ്രവത്തനത്തിലും അവർ ഉദ്യുക്തരാകണം. സഖ്യതയുടെ ഉന്നതമായ ആദ്ധ്യാത്മികനിലവാരം അന്യൂനം നിലനിറുത്തുന്നതിനുവേണ്ടി അയോഗ്യരും അപ്രാപ്തരുമായ എല്ലാവരേയും തിരസ്കരിക്കും. വിവിധ തരത്തിലുള്ള ഭക്താനുഷ്ഠാനങ്ങളും പ്രേഷിതവേലകളും നിർവഹിക്കുന്നതിനുള്ള വ്യക്തികളുടെ കഴിവുകൾ ആധാരമാക്കി ഓരോ "സംഘങ്ങൾ" രൂപീകരിച്ച് പ്രവത്തനങ്ങൾക്കു് "ശാശ്വത"ത്വം നൽകുന്നു.

1. "മാതൃഭക്ത സംഘം:" സജീവാംഗങ്ങളെല്ലാവരും ''ഗാർഡ് ഓഫ് ഓണർ'' വിഭാഗത്തിലെ പ്രവത്തകരാണു്. വ്യത്യസ്ത സമയങ്ങളിലായി ഏതാനും പേർ കൂടി നിശ്ചിത വിനാഴികകളിൽ

മാതാവിൻെറ സ്വരൂപസന്നിധിയിൽ പ്രാർത്ഥനാനിരതരായി കഴിച്ചുകൂട്ടുന്നു. ഈ അമ്മയിൽനിന്നു് പ്രേഷിതചൈതന്യം നുകരുന്നതിനും, സ്വപ്രയത്നങ്ങളെല്ലാം അവർക്കു പ്രതിഷ്ഠിക്കുന്നതിനും ആന്തരികവും ബാഹ്യവുമായ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും പുത്രവത്സലയായ ഈ അമ്മയിൽ ആശ്രയം തേടുന്നതിനും ഇതു് സഹായകമായി ഭവിക്കുന്നു. ഇങ്ങനെ സഖ്യതാരാജ്ഞിയുടെ അംഗസേവകരായി ഏതാനും സഖ്യാംഗങ്ങൾ സദാസമയം അവിടത്തെ സന്നിധിയിൽ എല്ലാവരുടേയും പ്രാതിനിധ്യം വഹിക്കുകയും അമ്മയെ ബഹുമാനിക്കുകയും സഖ്യതാപ്രവർത്തനവിജയത്തിനു വേണ്ടിയ അനുഗ്രഹാശിസ്സുകൾ അപേക്ഷിച്ചു് പ്രാപിക്കുകയും ചെയ്യുന്നു.

സാധിക്കുമ്പോഴെല്ലാം ദിവ്യബലിയിൽ സംബന്ധിക്കുന്നവരാണ് അവരെല്ലാവരുംതന്നെ. എങ്കിലും 86പേർ അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നുണ്ടെന്നു് പ്രതിജ്ഞാബദ്ധരാണ്. മാതാവിൻെറ അമലോത്ഭവസ്മരണയ്ക്കായി ശനിയാഴ്ചതോറും പ്രത്യേക ഭക്താനുഷ്ഠാനങ്ങൾ നടത്തുന്നവരാണ് 70പേർ. 84പേർ ഒപ്പീസിലെ സന്ധ്യാജപം ശനിയാഴ്ചതോറും ആഘോഷമായി പാടി കഴിക്കുന്നു. രാത്രി മുഴവനും മാറിമാറി ആരാധന നടത്തുന്ന 43പേർ. എല്ലാവരുംതന്നെ ജപാപ്പോസ്തോലസഖ്യത്തിലെ അംഗങ്ങളാണെങ്കിലും 32പേർ അതിൻെറ പ്രചാരകന്മാരാണ്. ഇതുവരെ പറഞ്ഞ ഭക്താനുഷ്ഠാനങ്ങൾക്കുപുറമെ ആഴ്ചതോറമുള്ള ആദ്ധ്യാത്മികസമ്മേളനങ്ങളും മാസത്തിലൊരു ദിവസവും ആണ്ടിലഞ്ചു ദിവസവും ഏകാന്തധ്യാനവും അടുത്തടുത്തുള്ള കൂദാശസ്വീകരണവും ഇവക്കുണ്ടു്.

2. "പ്രേഷിതസംഘങ്ങൾ": സമീപസ്ഥങ്ങളായ ആശുപത്രികളും ആതുരശാലകളും സന്ദർശിക്കുന്നതിനു് ശാശ്വതാംഗത്വമുള്ള 182പേർ ആറു വിഭാഗങ്ങളായി പ്രവർത്തിക്കുന്നു. പതിനേഴ് വിഭാഗങ്ങളായ 278പേർ വേദപാഠം പഠിപ്പിക്കുന്നു. മതാദ്ധ്യയനകേന്ദ്രങ്ങളിലേയ്ക്കു് കുട്ടികളെ ആകർഷിക്കുവാൻ കായികമത്സരങ്ങൾ, ചലച്ചിത്രപ്രദർശനങ്ങൾ, തിരുനാളാഘോഷങ്ങൾ, സമ്മാനദാനങ്ങൾ, വിനോദയാത്രകൾ ഇവയൊക്കയും സംഘടിപ്പിക്കാറുണ്ടു്.

ഈ സഖ്യാംഗങ്ങൾതന്നെ വേറെ മൂന്ന് സഖ്യതയുടെ സ്ഥാപകന്മാരാണ്.

അവരുടെ സംസ്കാരപരിപോഷണത്തിനായി ഈ സഖ്യതയുടെ ആഭിമുഖ്യത്തിൽ കുറെ അക്കാഡമികൾ ഉണ്ട്. അവയിൽ സഖ്യാംഗങ്ങൾ—പ്രധാനമായും കോളെജ് വിദ്യാൎത്ഥികൾ—കലാസാഹിത്യപരവും ശാസ്ത്രീയസാമ്പത്തികവുമായ കാൎയ്യങ്ങൾ ചൎച്ച ചെയ്യുന്നു. നിയമശാസ്ത്രം, ധാൎമ്മിക സംസ്കാരം, വൈദ്യശാസ്ത്രം, ഔഷധശാസ്ത്രം, വാസ്തുശില്പം, സാങ്കേതിക ശാസ്ത്രം, ലളിതകലകൾ നെയ്ത്ത്, പ്രസംഗകല, പ്രചരണവിദ്യ മുതലായവയെപ്പററി പഠനം നടത്തുന്ന അക്കാഡമികളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇവയിൽ 619 സഖ്യാംഗങ്ങൾ ഉണ്ട്.

സ്പെയിനിലെ എല്ലാ സഖ്യതകളും, മെക്സിക്കോ, അമേരിക്കാ ഭൂഖണ്ഡം, ഇന്ത്യ, എന്നിവിടങ്ങളിലെ വളരെയേറെ സഖ്യതകളും ബർസെലോണ സൊഡാലിററിയുടെ ആസൂത്രണത്തെയാണ് അനുധാവനം ചെയ്യുന്നതു്.

# ഇടവക മരിയാസഖ്യങ്ങൾ

ഹോളണ്ടിലെ ആംസ്റ്റർഡാം പട്ടണത്തിൽ വിമലാംബികയുടെ നാമത്തിൽ 1862-ാമാണ്ട് സ്ഥാപിതമായ സഖ്യതയ്ക്കു് പ്രോട്ടസ്റ്റൻറ്കാരിൽനിന്നു് വളരെ മൎദ്ദനങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. സ്വന്ത ഇടവകാതിൎത്തിക്ക് പുറമെ ചിതറിക്കിടന്നിരുന്ന കത്തോലിക്കരുടെ ചെറുസംഘങ്ങൾക്ക് വിശ്വാസസംരക്ഷണാൎത്ഥം സഹായഹസ്തം നീട്ടിക്കൊടുത്തതാണ് അവരുടെ വൈരാഗ്യത്തിനു് കാരണം. സാഹിത്യശാസ്ത്രാദിരംഗങ്ങളിൽ പേരെടുത്ത പലരും ഈ സഖ്യതയിലുണ്ടായിരുന്നു. ഏതാനും രാജ്യതന്ത്രജ്ഞരും ഇവരുടെ ഇടയിലുണ്ടായിരുന്നു. ഏററം ശ്ലാഘനീയമായ ഒരു പരിശീലനമായിരുന്നു ഈ സഖ്യതയ്ക്കുണ്ടായിരുന്നതു്. രണ്ടു കൊല്ലത്തെ സനിഷ്കൎഷമായ പരിശീലനത്തിനു് വിധേയമായശേഷമേ പ്രതിഷ്ഠ നടത്തുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു. അതും താല്ക്കാലികമായി രണ്ടു് കൊല്ലത്തേയ്ക്കു മാത്രം. ഇക്കാലമെല്ലാം സഖ്യതാനിയമാനുഷ്ഠാനംവഴി സ്വന്ത പുണ്യപൂൎണ്ണതയ്ക്കും അയൽവാസികളുടെ രക്ഷയ്ക്കും

മാതൃകാപരമായവിധം ശ്രമിച്ചിട്ടുണ്ടെന്ന് തെളിഞ്ഞാൽ മാത്രമേ ശാശ്വത പ്രതിജ്ഞയ്ക്ക് സ്വീകരിക്കപ്പെട്ടിരുന്നുള്ളൂ. ഇങ്ങനെ ഉന്നതവും പരിപാവനവും ആയ സഖ്യതാജീവിതത്തിലേയ്ക്കുള്ള ദൈവാഹ്വാനത്തിന് യോഗ്യരെന്ന് വ്യക്തമാക്കാനുള്ള സമയദൈർഘ്യം വ്യക്തികൾക്ക് ലഭിക്കുന്നു.

ഇടവകയിലെ യുവജനങ്ങൾക്ക് സാമുദായികവും പരസ്നേഹപരവുമായ കാര്യങ്ങളിൽ നേതൃത്വം നൽകുന്നതിന് "ഗൊൻസാഗാ അസ്സോസിയേഷൻ" എന്ന പേരിൽ കുറെ സഖ്യാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആദ്ധ്യാത്മികകാര്യങ്ങളിൽ സുശിക്ഷിതരായ ഇവർക്ക് സാമുദായിക സമ്മേളനങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ ധാരാളം ലഭിക്കുന്നു. 1890 മുതൽ ഇന്നോളം സജീവമായി സാധുസംരക്ഷണം നടത്തിക്കൊണ്ടിരിക്കുന്നവരാണ് "സെൻറ് ഫ്രാൻസീസ് ചാരിററി ഗ്രൂപ്പ്". പട്ടണത്തിലെ ദരിദ്രരായ യുവജനങ്ങളെ സഹായിക്കുന്നതുകൊണ്ട് അനേക ദുർവൃത്തികളിൽനിന്ന് ഇക്കൂട്ടരെ തടയുവാൻ സാധിക്കുന്നു.

ബഗോട്ട (കൊളമ്പിയ) യുടെ സമീപപ്രദേശങ്ങളിലെ ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന ദാരിദ്ര്യം പലരേയും കമ്മ്യൂണിസ്റ്റ് കെണികളിലേയ്ക്ക് ആകർഷിച്ചിരുന്നു. ഈ അപകടം തരണം ചെയ്യുന്നതിന് ക്രിസ്തുരാജൻെറ ഇടവകയിൽ ഇരുവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കും, യുവജനങ്ങൾക്കും, പ്രായപൂർത്തിയായവർക്കും വേണ്ടി മരിയാസഖ്യങ്ങൾ സ്ഥാപിച്ചു. ഇവമൂലം ലഭിച്ച ആദ്ധ്യാത്മിക പരിശീലനം വഴി അത്ഭുതകരമായ പരിവർത്തനമുണ്ടായി. കമ്മ്യൂണിസ്റ്റനുഭാവികളായിരുന്ന പതിനായിരത്തോളം ഇടവകാംഗങ്ങൾ മാനസാന്തരപ്പെട്ട് ഉത്തമ കത്തോലിക്കരും ദൈവമാതാവിൻെറ യഥാർത്ഥ ഭക്തരുമായിത്തീർന്നു.

## തൊഴിലാളിസഖ്യതകൾ

തൊഴിലാളികളുടെ സ്വഭാവസംസ്കരണം ലക്ഷ്യംവെച്ചുള്ള സൊഡാലിററിപ്രവർത്തനം നൂററാണ്ടുകളെ അതിജീവിച്ച പോന്നിട്ടുണ്ട്. തൊഴിലാളികൾക്കുവേണ്ടി തൊഴിലാളികളല്ലാത്തവർ ചെയ്യുന്ന സേവനങ്ങൾ മാത്രമല്ലാ, തൊഴിലാളികൾ തന്നെ സഖ്യാം

ഗങ്ങളായിക്കൊണ്ടു് ചെയ്യുന്ന സാമൂഹ്യസേവനങ്ങളും പ്രസ്താവയോഗ്യങ്ങളാണ്. കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധകാലത്തും അതിനു ശേഷവും കാനഡ, ഐക്യസംസ്ഥാനങ്ങൾ, മെക്സിക്കൊ, ബ്രസീൽ, ഇററലി, സ്പെയിൻ, പോർച്ചുഗൽ, നെതർലണ്ടു്, ഹങ്കറി, പോളണ്ടു്, ചെക്കൊസ്ലോവാക്കിയ, ആസ്ത്രേലിയ, ചൈന എന്നീ രാജ്യങ്ങളിൽ തൊഴിലാളിസൊഡാലിററികൾ സജീവപ്രവർത്തനം നടത്തിയിരുന്നു.

ജമ്മനിയിലെ ഓർസോയി പട്ടണത്തിലെ തൊഴിലാളിമരിയാസഖ്യം സുപ്രസിദ്ധമാണ്. അപ്പർ സെലീഷ്യായിലെ ഒരു വലിയ പുകയില ഫാക്ററിയുടെ പൂർവ്വ മാനേജരായിരുന്ന ഓർസൊയി സഖ്യതയുടെ പ്രീഫെക്ററ്. കമ്മ്യൂണിസ്റ്റാക്രമണത്തിനു വിധേയനായി സെലീഷ്യയിലെ പുകയില ഫാക്ററി അയാൾ ഉപേക്ഷിക്കേണ്ടിവന്നു. കമ്മ്യൂണിസ്റ്റുകാരുടെ പിടിയിൽനിന്നു രക്ഷപ്പെടുന്ന തൊഴിലാളികളെ അയാൾ ഓർസൊയിൽ സ്വീകരിച്ചിരുന്നു. ഒരു ദിവസം ഉച്ചയ്ക്കു ത്രികാലജപത്തിനായി ദേവാലയത്തിൽ മണി അടിച്ചപ്പോൾ ഇതരമനുഷ്യരുടെ സാന്നിദ്ധ്യം വിസ്മരിച്ചു് 10 തൊഴിലാളികൾ ആഘോഷമായി ത്രികാലജപം പാടുകയുണ്ടായി. അന്നുമുതല്ക്കാണ് ഇരയാൾ ഓർസൊയി ഫാക്ററിയിൽ തൊഴിലാളികൾക്കായി മരിയാസഖ്യം ആരംഭിച്ചതു്. പിന്നീടു് ആ ഇടവകയിൽനിന്നും നിരവധിപേർ ഈ സഖ്യതയിൽ ചേരുകയുണ്ടായി.

ഡബ്ളിനിലെ (ഐർലൻറ്) സെൻറ് സേവിയറിൻെറ ദേവാലയത്തിൽ സ്ഥാപിതമായ ഒരു തൊഴിലാളി സഖ്യതയുണ്ടു്. നിത്യം രാത്രിപ്പണിക്കാരായ ചൂളപ്പണിക്കാർ, ബോമ്മ തൊഴിലാളികൾ, രാത്രി കാവൽക്കാർ, ദിനപ്പത്ര പ്രസ്സ് ജോലിക്കാർ എന്നിവരാണ് ഇതിലെ അംഗങ്ങൾ. ജോലിത്തിരക്കും മററസൗകര്യങ്ങളും മൂലം ഇവർ മാസത്തിലൊരിക്കൽമാത്രമേ പൊതു സമ്മേളനം നടത്തിയിരുന്നുള്ളു. രാത്രി മുഴുവനും മിക്കവാറും പണിയെടുക്കേണ്ടി വരുന്നതിനാൽ ദിവ്യകാരുണ്യസ്വീകരണത്തിനു ഒരുക്കമായുള്ള ഉപവാസം കാക്കുവാൻ സാദ്ധ്യമായിരുന്നില്ല. തന്മൂലം (ഉപവാസത്തെപ്പററിയുള്ള ഇന്നത്തെ ഭേദഗതിക്കു മുമ്പുള്ള സ്ഥിതിയിൽ) മാസം

തോറമുള്ള ദിവ്യകാരുണ്യ സ്വീകരണം കൃത്യമായി നടത്താൻ സാധിക്കാതെ വരുന്നു. ചുമതലാനിർവ്വഹണത്തിലുള്ള വിശ്വസ്തതവഴി മാതൃകാജീവിതം കഴിക്കണമെന്നതാണ് ഇവരുടെ നിഷ്ഠ. കൂടാതെ അവസരോചിതം ഓരോരുത്തരെ തനിച്ചു കണ്ട് വിശ്വാസകാര്യങ്ങളെപ്പററി സംസാരിക്കുകയും സഭയോടുള്ള മതിപ്പും സ്നേഹവും വർദ്ധിപ്പിക്കയും ചെയ്യുന്നു. പിരിവെടുത്തു സാധുക്കളെ സഹായിക്കുന്നതിൽ ഉദ്യുക്തരാണ് ഇവരിലൊരു വിഭാഗം. മാസത്തിലൊരു ദിവസവും കൊല്ലത്തിൽ മൂന്ന് ദിവസവും ഏകാന്തധ്യാനത്തിനായി ഇവർ ചെലവഴിക്കുന്നു.

പുണ്യപൂർണ്ണത പ്രാപിക്കുന്നതിന് കൂടുതൽ ആഗ്രഹമുണ്ടായിരുന്ന കുറെ തൊഴിലാളികൾ ചേർന്ന് "തൊഴിലാളി ക്രിസ്തുസംഘം" എന്ന പേരിൽ ഒരു യൂണിയൻ സ്ഥാപിച്ചു. ബർസെലോണ രൂപതയിലെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഇതിനെ ഒരു സന്യാസ സമൂഹമായി സ്വീകരിക്കുകയും 1949 ജനുവരി 24-ാം തീയതി ഒരു ഔദ്യോഗിക കല്പനമൂലം അംഗീകരിച്ചുറപ്പിക്കുകയും ചെയ്തു. തദംഗങ്ങളുടെ വിശുദ്ധീകരണവും തൊഴിലാളികളുടെ ജീവിതോൽക്കർഷവും ആണ് ഇവരുടെ ലക്ഷ്യം. "Monks within the Community and workers without" എന്നുള്ളതാണ് ഇവരുടെ ജീവിതാദർശം. എല്ലാ അംഗങ്ങളും കൂട്ടജീവിതത്തിനു നിർബ്ബന്ധിതരല്ല. ചിലർ സ്വന്തം വീടുകളിൽ താമസിക്കുന്നു. കൂട്ടജീവിതക്കാർ ഒന്നാം ഗ്രെയ്ഡിൽ പെടുന്നു. 1949_ൽ ഇത്തരക്കാർ 20 പേരുണ്ടായിരുന്നു. പൊതുജീവിതം കഴിച്ചിരുന്നവർ വർക്കുഷോപ്പുകളിൽ ഏററം ഉത്തരവാദപ്പെട്ട നിലയിൽ തൊഴിലാളികൾക്കിടയിൽ പ്രേഷിതവേല നടത്തിയിരുന്നു. വളരെ ഉയർന്ന ഒരാദ്ധ്യാത്മിക ജീവിതനിലവാരമായിരുന്നു ഇവർ പാലിച്ചിരുന്നതു്. ധ്യാനം, ദിവ്യബലി, ദിവ്യകാരുണ്യസന്ദർശനം, വാചികപ്രാർത്ഥനകൾ, ജ്ഞാനവായന, ആത്മശോധന എന്നിവ ഭക്താഭ്യാസങ്ങൾ അടങ്ങിയതായിരുന്നു ഇവരുടെ അനുദിനപരിപാടി. വസ്ത്രധാരണത്തിൽ യാതൊരു വ്യത്യാസവും വരുത്താതെ സന്യാസവ്രതത്രയങ്ങൾ ഇവർ അനുഷ്ഠിക്കുന്നു. സ്വപ്രയത്നത്താൽ ജീവിതവൃത്തി തേടണം. പണിയെടുത്തു് കിട്ടുന്നതെല്ലാം

അവ കൈകാര്യം ചെയ്യാൻ നിയമിതനായ ഒരാളെ ഏല്പിക്കുന്നു. ഈ സംഘത്തിലെ വൈദികാംഗങ്ങൾക്കൂടെയും തൊഴിലാളികളുടെ സുസ്ഥിതിക്കുവേണ്ടി സകല കഴിവുകളും വിനിയോഗിക്കാൻ നിബ്ബന്ധിതരാണ്. തൊഴിലാളിയായ ക്രിസ്തുവിനോട് ആത്മനാ യോജിച്ച് ഓരോ വിനാഴികയും ജോലി ചെയ്യുന്നു. സദാസമയവും ത്യാഗത്തിൻേറയും സന്മാതൃകയുടേയും പ്രാത്ഥനയുടേയും പ്രേഷിതവേലയിൽ വ്യാപൃതരാണ് ഇവരോരോരുത്തരും. തിരുസഭയുടെ ഉഗ്ര വൈരികൾക്കിടയിൽപ്പോലും ക്രിസ്തുവിൻെറ ദിവ്യോപദേശകിരണങ്ങൾ പ്രസരിപ്പിക്കുവാൻ വേണ്ടത്ര തന്മയത്വവും വിവേകവുമുള്ളവരാണ് ഇവർ.

ഈ സഖ്യതയെ മററുള്ളവയിൽ നിന്ന് വേർതിരിച്ചു കാണിക്കുന്ന സവിശേഷമായ പ്രേഷിതപ്രവത്തനപരിപാടികളാണ് തൊഴിലാളികൾക്കുള്ള ധ്യാനം, ദൈവശാസ്ത്രവും സാമൂഹ്യവിഷയങ്ങളും അധികരിച്ചുള്ള പഠനക്ലാസ്സുകൾ, തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാലയങ്ങൾ, യുവതൊഴിലാളികൾക്കുള്ള വാസസ്ഥലങ്ങൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങി അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ ജീവിതപശ്ചാത്തലത്തെ സംവിധാനം ചെയ്യുകയും ക്രിസ്തുവൽക്കരിക്കുകയും നവീകരിക്കുകയും ചെയ്യുന്ന മറെറല്ലാ തരത്തിലുമുള്ള സ്ഥാപനങ്ങൾ.

## വിദ്യാത്ഥികൾക്കായുള്ള സഖ്യതകൾ

ബൊളോഞ്ഞോ (ഇററലി) പട്ടണത്തിലെ സവ്വകലാശാലാസഖ്യത അതിലെ വിദ്യാത്ഥികൾക്ക് ഏററവും ഉന്നതമായ ആദ്ധ്യാത്മിക ജീവിതപരിശീലനം നൽകുന്നുണ്ട്. ഒരു ത്രിവത്സരപദ്ധതി ആസൂത്രണം ചെയ്തു ദൈവശാസ്ത്രപഠനമുണ്ടിവക്ക്. സ്വന്തം അനുഭവങ്ങളെ അടിസ്ഥാനമാക്കി ആദ്ധ്യാത്മിക സമ്മേളനം നടത്തുന്നു. മാസാദ്യവെള്ളിയാഴ്ചയുടെ തലേരാത്രിയിൽ പട്ടണത്തിലെ മിക്ക ദേവാലയങ്ങളിലും ഇവരുടെ നേതൃത്വത്തിൽ തിരുമണിക്കൂർ ആചരിക്കുന്നു. 1950-ൽ ഈ സൊഡാലിററിയിലെ ചാരിററി സെക്ഷൻ നിരവധി അഭയാത്ഥികളേയും മുപ്പതോളം കുടുംബങ്ങളേയും സംരക്ഷിച്ചു. ദുർഗ്ഗുണ പരിഹാര പാഠശാലയിലെ അനേകം ചെറുപ്പക്കാ

ക്കു് ഇവർ സദാചാരമുറകൾ ഉപദേശിച്ചു കൊടുക്കുന്നുണ്ടു്. ഇത്തരം ബാഹ്യപ്രവർത്തനങ്ങൾ ഇവരുടെ വിജ്ഞാനസമ്പാദനത്തിനു് വിഘാതമല്ല. സഖ്യാംഗങ്ങളിൽ മിക്കവരും മററുള്ളവരേക്കാൾ കൂടുതൽ മാർക്കു വാങ്ങി പാസ്സാകുന്നവരാണു്. പഠനത്തിനു് നൽകുന്ന സ്കോളർഷിപ്പുകൾ മരിയസഖ്യാംഗങ്ങളാണു് സമ്പാദിക്കുന്നതു്. സഖ്യതാപ്രവേശനത്തിനു് ആർക്കും അപേക്ഷിക്കാം. എന്നാൽ സനിഷ്ക്കർഷമായ പരീക്ഷണത്തിനു ശേഷം അർഹരെന്നു് കാണുന്നവരെ മാത്രമേ സ്വീകരിക്കയുള്ളൂ.

സഖ്യതാനിയമം അനുശാസിക്കുന്ന ഭക്താഭ്യാസങ്ങളിൽനിന്നു് കരഗതമാകുന്ന അന്തരംഗജീവിതചൈതന്യത്തിൽനിന്നു് പ്രവഹിക്കുന്നവയാണു് ഈ വിദ്യാർത്ഥിസഖ്യാംഗങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾ.

## ഇൻഡ്യ

മുപ്പതിനായിരത്തിൽപ്പരം സഖ്യാംഗങ്ങളുള്ള ഒരു രൂപതയാണു് റാഞ്ചി. ഓരോ മിഷൻശാഖയിലും വിവിധ തരക്കാർക്കുള്ള വിഭാഗങ്ങളോടുകൂടിയ സൊഡാലിററികളുണ്ടു്.

മിഷനറിമാർ സ്ഥലമാററത്തിനു് വിധേയരായതിനാൽ താഴെ വിവരിക്കുന്ന രീതിയിലാണു് സഖ്യതാപ്രവർത്തനം. ഓരോ ഇടവകയിലും ഓരോ വിഭാഗത്തെ പ്രതിനിധീകരിക്കുന്ന അംഗങ്ങളുള്ള ഒരു കേന്ദ്രസംഘമുണ്ടു്. മാസത്തിലൊരിക്കൽ ഈ പ്രതിനിധികൾ ഇടവകപ്പള്ളിയിൽ സമ്മേളിക്കുന്നു. ഇതിനു ചിലർക്കു് 12 മുതൽ 20 നാഴികവരെ നടക്കുവാനുണ്ടു്. ഓരോ മാസത്തിലും മൂന്നാം ഞായറാഴ്ചയുടെ തലേദിവസം സന്ധ്യയോടെ പള്ളിയിൽ വന്നുകൂടി മാതാവിനോടുള്ള ഭക്താനുഷ്ഠാനങ്ങളിൽ വ്യാപൃതരാകുന്നു. പലരും പാപസങ്കീർത്തനം കഴിക്കാറുണ്ടു്. പിറെറ ദിവസം ദിവ്യബലിയും ദിവ്യകാരുണ്യസ്വീകരണവും കഴിഞ്ഞു് യോഗം കൂടുന്നു. ഓരോ ശാഖാപ്രതിനിധിയും മുൻമാസത്തെ റിപ്പോർട്ടു് വായിച്ചു സമപ്പിച്ചുകഴിയുമ്പോൾ എല്ലാവരും ചേർന്നു് അടുത്ത മാസത്തേയ്ക്കുള്ള പരിപാടികൾ തീരുമാനിക്കുന്നു.

മാസത്തിൽ രണ്ടു ഞായറാഴ്ചയെങ്കിലും എല്ലാ ശാഖകളിലും നിശ്ചിതനേതാവിൻെറ കീഴിൽ മീററിങ്ങ് നടത്തുക പതിവാണ്. കേന്ദ്രത്തിൽനിന്നുള്ള നിർദ്ദേശം ഉന്നയിക്കപ്പെട്ടശേഷം അതിൻെറ പ്രായോഗികതയെപ്പററി അഭിപ്രായങ്ങൾ പറയുകയും ചർച്ച നടത്തി പ്രയോഗരീതിസംബന്ധമായി തീരുമാനമെടുക്കുകയും ചെയ്യുന്നു. സെക്ഷനൽ സെക്രട്ടറിമാർ പ്രവർത്തനറിപ്പോർട്ടുകൾ യഥാസമയം ശേഖരിച്ച് മാസമീററിങ്ങിലേയ്ക്കുള്ള റിപ്പോർട്ട് തയ്യാറാക്കാൻ കേന്ദ്രപ്രതിനിധിയെ സഹായിക്കുന്നു. ഇടവകപ്പള്ളിയുടെ സമീപവാസിയായ ഒരാളായിരിക്കും സൊഡാലിററിയുടെ ജനറൽ പ്രീഫെക്ററ്. മിഷനറിയുടെ അഭാവത്തിൽ സമ്മേളനാദ്ധ്യക്ഷനും ഈയാൾതന്നെ.

കുട്ടികളേയും സത്യാന്വേഷികളേയും പഠിപ്പിക്കുക, സാധുക്കളായ ക്രിസ്ത്യാനികളെ പ്രതിഫലേച്ഛകൂടാതെ ജോലികളിൽ സഹായിക്കുക, പുതുതായി വിശ്വാസം സ്വീകരിച്ചവരുടെ കുടുംബങ്ങളിൽ കൂട്ടപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുക, ഭക്തിസംവർദ്ധകങ്ങളായ പരിപാടികളോടെ ക്രിസ്തീയതിരുനാളുകളാഘോഷിക്കുക, വിശ്വാസത്യാഗികളെ വീണ്ടെടുക്കുക, രോഗികളെ സന്ദർശിച്ചാശ്വസിപ്പിക്കുക, അനാലംബരായ ദീനക്കാർക്ക് വൈദ്യസഹായവും മരണാസന്നക്ക് വൈദികസഹായവും എത്തിച്ചുകൊടുക്കുക എന്നിങ്ങനെയുള്ള പ്രേഷിതപ്രവർത്തനങ്ങളാൽ സമുദായത്തിൽ ശോഭനമായ ക്രിസ്തീയാന്തരീക്ഷം സൃഷ്ടിക്കുന്നതിനു് ഇവർ പരിശ്രമിക്കുന്നു.

മരിയാസഖ്യങ്ങളുടെ മേൽപ്പറഞ്ഞ സേവനങ്ങളിൽ സംപ്രീതനായി റാഞ്ചി രൂപതാദ്ധ്യക്ഷനായ ഡോ. സെവറിൻ എസ്. ജെ. തിരുമനസ്സുകൊണ്ടു് 1951_ൽ താഴെ പറയുന്ന വാക്കുകളിൽ അവരെ പ്രശംസിക്കുകയുണ്ടായി: "അജ്ഞാനികളെ മാനസാന്തരപ്പെടുത്തുന്നതിനും മാനസാന്തരപ്പെടുന്നവരെ യഥാർത്ഥ ക്രിസ്ത്യാനികളാക്കുന്നതിനും മിഷനറിമാരുടെ കരങ്ങളിലുള്ള ഏററം ശക്തിയേറിയ ആയുധമാണ് മരിയാസഖ്യമെന്നു് എനിക്കു് തീർച്ചയുണ്ടു്." തിരുമേനി തുടരുന്നു: ''അത്യദ്ധ്വാനപൂർണ്ണമായ മിഷൻ പ്രവർത്തനങ്ങൾക്കിടയിൽ മരിയാസഖ്യം ആരംഭിക്കുന്നതു് ഉപയോഗശൂന്യവും

നിരർത്ഥകവുമായ സമയവ്യയമാണെന്നു് വിചാരിക്കുന്നവരുണ്ടാകാം. എന്നാൽ സഖ്യതാപ്രവർത്തനത്തിനു് ചെലവിടുന്ന സമയം മിഷൻ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു് എന്തുമാത്രം സഹായകമായിരിക്കുമെന്നു് ഇക്കൂട്ടരൊന്നു് പരീക്ഷിച്ചിരുന്നെങ്കിൽ!

"ആദ്യകാലങ്ങളിൽ നമ്മുടെ കീഴിലുള്ള മിഷനറിമാരിൽ പലരും സഖ്യത സ്ഥാപിക്കുന്നതിൽ എതിരഭിപ്രായക്കാരായിരുന്നു. ഇന്നാകട്ടെ, അതിന്റെ ആവശ്യകതയിൽ അഭിപ്രായയോജ്യതയുള്ളവരാണ് എല്ലാവരുംതന്നെ. മാത്രമല്ല, നിരക്ഷരകുക്ഷികൾപോലും അനായാസം ഗ്രഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ദൈവമാതൃഭക്തിക്ക് പ്രേഷിതവേലകൾ സമാരംഭിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അത്യത്ഭുതകരമായ ഒരു ശക്തിയുണ്ടെന്നു് അവർക്കെല്ലാം ബോധ്യമായിത്തീർന്നിരിക്കുകയും ചെയ്യുന്നു........"



*സൂചന: ആദർശപരമായി പ്രവർത്തിക്കുന്ന സഖ്യതകളെപ്പറ്റിയുള്ള വിവരങ്ങൾ ലഭിക്കുന്നപക്ഷം അടുത്ത പതിപ്പിൽ (സ്ഥലമനുവദിക്കുന്നിടത്തോളം) ചേർക്കുന്നതിനു് സന്തോഷമേയുള്ളൂ. തല്ക്കാലം ഒരു സംക്ഷിപ്തവിവരം പൊതുജനസമക്ഷം വെയ്ക്കുകമാത്രം ചെയ്യുന്നു.*

# Sodality Publications

| | | |
|---|---|---|
| 1. | The Director | 0_70 |
| 2. | സൊഡാലിററിയുടെ ഏ ബി സി | 0_35 |
| 3. | A Sodality Plan | 0_30 |
| 4. | മരിയാസഖ്യചരിത്രം | 0_30 |
| 5. | Sodality of our Lady: How It Operates | 0_35 |
| 6. | സൊഡാലിററി മാനുവൽ | 0_35 |
| 7. | മരിയാസഖ്യപ്രവേശനത്തിനു മുമ്പ് | 0_10 |
| 8. | സഖ്യാംഗധ്യാനസഖി | 0_06 |
| 9. | മരിയാസഖ്യങ്ങളുടെ ആദർശങ്ങളും മാതൃകകളും | 0_1 |
| 10. | ജൂനിയർ സൊഡാലിററി ഗൈഡ് | 0_35 |

ആവശ്യപ്പെടുക:—

**R. KALLINGAL,**
P. O. THALORE, OLLUR.

*Any financial profit from the sale of these book-lets will be used for the advancement of Sodality Movement.*

ESS MARIAPURAM. TRICHUR-5.

# മരിയാസഖ്യചരിത്രം

*PUBLISHER:*
**R. KALLINGAL**

Indic Digital Archive Foundation
gpura.org